# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാള ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി8)1940/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാള ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മാള ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാള ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി8)1940/2023 തീയ്യതി: 23/12/2023

## തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 25-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 27-11-2023 | 04-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-11-2023 | 04-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ഷീന കെ. ടി, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)

ശ്രീമതി സീനത്ത് പി. എ, ഓഡിറ്റ് ഓഫീസർ

ശ്രീമതി സുമിത ടി. എസ്, അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി ധന്യ ദിലീപ്, ഓഡിറ്റർ

ശ്രീ. കൃഷ്ണരാഹുൽ എം. ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| സിന്ധു അശോക് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ഷാജി കെ. കെ | സെക്രട്ടറി | 01-04-2022 | 30-05-2022 |
| പി. ജെ ജലീൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 06-10-2022 |
| കെ. ജെ രാജു | സെക്രട്ടറി | 07-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി. ജെ ജലീൽ | അസി. സെക്രട്ടറി | 01-04-2022 | 31-03-2023 |
| രോഹിണി ആർ | അസി. എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഹസൈൻ പി. പി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| നിഷ സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രുതി ടി റാംമോഹൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഗ്രേസി എം. ജെ | ഹെഡ്മിസ്ട്രസ്, എൽ.പി.എസ് | 01-04-2022 | 31-03-2023 |
| ഡോ. സിൽവി സി. ഐ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ.ആശ.പി.എസ്. | സൂപ്രണ്ട് ,സിഎച്ച്സി | 01-04-2022 | 31-03-2023 |
| ബീന പി. ബി | വി.ഇ.ഒ (മാള സർക്കിൾ) | 01-04-2022 | 31-03-2023 |
| ജയശ്രീ എം. എസ് | വി.ഇ.ഒ (അഷ്ടമിച്ചിറ സർക്കിൾ) | 01-04-2022 | 31-03-2023 |
| ഡോ. ഗീന കുമാരി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 14-06-2022 |
| ഡോ. നമിത എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 15-06-2022 | 24-06-2022 |
| ഡോ. റംലത്ത് കുഴിക്കാട്ടിൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 25-06-2022 | 11-01-2023 |
| ഡോ. നമിത എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 12-01-2023 | 13-01-2023 |
| ഡോ. ശ്രീലേഖ ടി. വി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 14-01-2023 | 31-03-2023 |
| ഡോ. ഷിബു പി. വി | വെറ്ററിനറി സർജ്ജൻ | 01-04-2022 | 22-08-2022 |
| ഡോ. സൈൻ കെ. ജെ | വെറ്ററിനറി സർജ്ജൻ (ഇൻ ചാർജ്) | 23-08-2022 | 27-09-2022 |
| ഡോ. രാഗി രാജൻ | വെറ്ററിനറി സർജ്ജൻ | 28-09-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ചെലവ് തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി | 1-1-3 |
| 5 | പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-4 |
| 6 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-5 |
| 7 | "Cheques Deposited But Not Credited" തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-1-6 |
| 8 | " Directly Debited By Bank" ഉചിതമായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തേണ്ടതാണ് | 1-1-7 |
| 9 | "Directly Credited By Bank" ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതാണ് | 1-1-8 |
| 10 | വസ്തു നികുതി റെസിഡൻഷ്യൽ ഡി.സി.ബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തമില്ല | 1-1-9 |
| 11 | നോൺ–റെസിഡൻഷ്യൽ തൻവർഷം-വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | കുടിശ്ശിക റെസിഡൻഷ്യൽ–വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | കുടിശ്ശിക നോൺ–റെസിഡൻഷ്യൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-1-13 |
| 15 | ലൈബ്രറി സെസ്സ്-വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല | 1-1-14 |
| 16 | മുൻകൂർ തുക ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല/ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തിട്ടില്ല | 1-1-15 |
| 17 | വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല | 1-1-16 |
| 18 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-17 |
| 19 | വസ്തുനികുതി ഡിമാന്റ് ഒറ്റത്തവണ മാത്രം | 1-1-18 |
| 20 | വാടക ഡിമാന്റ് ചട്ടപ്രകാരം രേഖപ്പെടുത്തിയില്ല | 1-1-19 |
| 21 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-20 |
| 22 | FACTEOS ലൈസൻസ് വാർഷികകണക്കും രജിസ്റ്ററും പൊരുത്തമില്ല | 1-1-21 |
| 23 | രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-22 |
| 24 | ജേണലുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ് | 1-1-23 |
| 25 | ഇൻവെസ്റ്റ്മെന്റുകൾ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-24 |
| 26 | " Capital Contribution" ഒരേ തുക തന്നെ രേഖപ്പെടുത്തി | 1-1-25 |
| 27 | Capital Work In Progress തെറ്റായി രേഖപ്പെടുത്തി | 1-1-26 |
| 28 | ILGMS പുതിയ ശീർഷകങ്ങൾ ആധികാരികത വ്യക്തമാക്കേണ്ടതാണ് | 1-1-27 |
| 29 | തൊഴിലുറപ്പ് പദ്ധതി ക്യാപിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-28 |
| 30 | "280000000-Prior Period Item" അംഗീകരിക്കപ്പെട്ട വൗച്ചറുകളോ,വർക്ക്ഷീറ്റുകളോ ഹാജരാക്കിയില്ല | 1-1-29 |
| 31 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4, ബി17 തുല്യമല്ല | 1-1-30 |
| 32 | പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ ഇല്ല | 1-1-31 |

| | | |
|---|---|---|
| 33 | മുൻകൂർ തുകകൾ ചെലവായി രേഖപ്പെടുത്തി | 1-1-32 |
| 34 | സർവ്വീസ് സെസ് തെറ്റായി രേഖപ്പെടുത്തി | 1-1-33 |
| 35 | ബജറ്റ് | 1-2 |
| 36 | ഫണ്ട് വിനിയോഗം | 1-3 |
| 37 | പദ്ധതി അവലോകനം | 1-4 |
| 38 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 39 | ക്ഷേമപെൻഷനുകൾ | 1-6 |
| 40 | ക്യാഷ് പരിശോധന | 1-7 |
| 41 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 42 | നികുതി നികുതിയേതര വരവുകൾ | 1-9 |
| 43 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10 |
| 44 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 45 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 46 | വസ്തുനികുതി അപാകതകൾ | 1-13 |
| 47 | CRZMA യുടെ അനുമതി ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നു | 1-14 |
| 48 | മൊബൈൽ ടെലഫോൺ ടവറിന് തെറ്റായി വസ്തു നികുതി നിർണ്ണയിച്ചു | 1-15 |
| 49 | വാടക കരാർ ചമയ്ക്കാതെ റൂമുകൾ വാടകയ്ക്ക് നൽകി | 1-16 |
| 50 | വാടക വർദ്ധനവ് വരുത്തിയില്ല | 1-17 |
| 51 | വാടക ഈടാക്കിയില്ല | 1-18 |
| 52 | വാടക ബൈലോ - അംഗീകാരം നേടേണ്ടതാണ് | 1-19 |
| 53 | ലേലം -അപാകങ്ങൾ | 1-20 |
| 54 | മാള പ്രസ് ക്ലബ്-വാടക കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-21 |
| 55 | അനധികൃത നിർമ്മാണങ്ങൾ -തുടർനടപടി സ്വീകരിച്ചില്ല | 1-22 |
| 56 | മെറ്റീരിയൽ റിക്കവറി സെന്റർ നിർമാണം-നിജസ്ഥിതി ലഭ്യമായില്ല | 1-23 |
| 57 | ബാദ്ധ്യത തുകകൾ വിനിയോഗിച്ചിട്ടില്ല | 1-24 |
| 58 | എസ്.എസ്.കെ വിഹിതം നൽകൽ വിനിയോഗ വിവരം ഇല്ല | 1-25 |
| 59 | നഴ്സറി സ്കൂൾ ജി.എം.എൽ.പി.എസ് കസേര,മേശ വാങ്ങൽ ഉത്തരവ് പാലിച്ചില്ല | 1-26 |
| 60 | എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും സർക്കാർ ഉത്തരവ് പാലിച്ചില്ല | 1-27 |
| 61 | പാലിയേറ്റീവ് പ്രൊജക്ട് മാർഗ്ഗരേഖ ഉത്തരവ് പാലിച്ചില്ല | 1-28 |
| 62 | ഉത്തരവിനു വിരുദ്ധമായി വാങ്ങൽ നടത്തി | 1-29 |
| 63 | ഹഡ്കോ ലോൺ - ഇല്ലാത്ത വായ്പക്ക് സ്രോതസ്സിൽ നിന്ന് എസ് സി വിഹിതം കുറവ് ചെയ്തു | 1-30 |
| 64 | കംഫർട്ട് സ്റ്റേഷന് വേണ്ടി കുഴൽകിണർ നിർമ്മാണം -ലക്ഷ്യം കൈവരിക്കേണ്ടതാണ്. | 1-31 |
| 65 | ഫസ്റ്റ് & പാർട്ട് ബിൽ നൽകിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 1-32 |
| 66 | കോൾകുന്ന് ആനപ്പാറ റോഡ് മെയിന്റനൻസ്- പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ കുറവ് ഈടാക്കി | 1-33 |
| 67 | തൻകുളം നാലുവഴി റോഡ് റീടാറിങ്ങ്-പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല | 1-34 |
| 68 | വിനിയോഗ വിവരം ലഭ്യമല്ല | 1-35 |
| 69 | ആനപ്പാറ പട്ടികജാതി കുടിവെള്ള പദ്ധതി-പൂർത്തീകരിച്ചിട്ടില്ല | 1-36 |
| 70 | സാമഗ്രികളുടെ നിരക്ക് പ്രൈസ് സോഫ്റ്റ്‌വെയറിലെ നിരക്കുമായും മാർക്കറ്റ് നിരക്കുമായും ഗണ്യമായ വ്യത്യാസം | 1-37 |
| 71 | മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും GST ടി ഡി എസ് ഈടാക്കിയിട്ടില്ല | 1-38 |
| 72 | ജലനിധി കുടിശ്ശിക 3,96,64,382/- രൂപ | 1-39 |

| | | |
|---|---|---|
| 73 | എസ്.സി വിവാഹധനസഹായം-അധികം നൽകിയ തുക ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി | 1-40 |
| 74 | ബാലസഭാ പ്രവർത്തനങ്ങൾ–സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം നൽകിയ തുക തടസ്സപ്പെടുത്തുന്നു | 1-41 |
| 75 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -സ്വകാര്യ സ്ഥാപനത്തിൽ പഠിക്കുന്ന കുട്ടിയ്ക്ക് നൽകി-തുക തടസ്സപ്പെടുത്തുന്നു | 1-42 |
| 76 | കന്നുകുട്ടി പരിപാലനം-പദ്ധതി പൂർത്തിയാക്കാതെ വിട്ടുപോയ ഗുണഭോക്താക്കൾക്ക് വേണ്ടി അടവാക്കിയ തുക തിരികെ ഈടാക്കേണ്ടതാണ് | 1-43 |
| 77 | ലൈഫ് ഭവനപദ്ധതി അഡ്വാൻസ് കൈപ്പറ്റിയിട്ടും ഭവനനിർമാണം ആരംഭിച്ചിട്ടില്ല | 1-44 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11.07.2023 തീയതിയിലെ 1(1)-ാം നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 13.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാള ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാള ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 23.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)).

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന

ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 573523.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5087538.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ചെലവ് തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി

താഴെ ചേർക്കുന്ന പ്രോജക്ടുകളിൽ ആസ്തികൾ/ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും ചെലവ് തുക തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തിയതിനാൽ തത്തുല്യ തുകകളുള്ള ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാതെ പോകാൻ ഇടയാക്കി. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ/പേര് | തുക/വൗച്ചർ നമ്പർ | ചെലവ് രേഖപ്പെടുത്തിയ ശീർഷകം |
|---|---|---|---|
| 1 | 194/23 സി.എച്ച്.സി യിലേക്ക് വാങ്ങൽ (കട്ടിൽ, വെയിങ്ങ്മെഷീൻ) | 184508 42201178/27-03-2023 | 251110012-Medical Institution-Alloppathy-Health-Related Activities |
| 2 | 55/23 അലോപ്പതി അനുബന്ധ പ്രവർത്തനങ്ങൾ (Purchase Of Foetal Dopler) | 12000 42201180/27.03.2023 | 251110012-Medical Institution-Alloppathy-Health-Related Activities |
| 3 | 86/23 അങ്കണവാടികളിലേക്ക് ധാന്യ സംഭരണികൾ വാങ്ങൽ | 34516 42201143/26.03.2023 | 251170006-Infrastructure Facilities For Anganwadi-Kitchen Renovation |
| 4 | 80/23 അങ്കണവാടികളിലേക്ക് കസേര വാങ്ങൽ | 338,650.00 42201479/14.03.2023 | 251170104-Anganwadi Related Services |

അപാകത തുടർ വർഷത്തിൽ പരിഹരിക്കേണ്ടതാണ്.

## 1-1-4 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

| ക്രമ നം | ബാങ്ക് /ട്രഷറി | അക്കൗണ്ട് നമ്പർ | റികൺസിലിയേഷൻ പത്രിക തയ്യാറാക്കാത്ത |
|---|---|---|---|

| | | | മാസങ്ങൾ |
|---|---|---|---|
| 1 | Joint Venture | 799011400001282 | 4/22 മുതൽ 3/23 വരെ |

### 1-1-5 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

എസ്.ബി.ഐ കുഴൂർ-അക്കൗണ്ട് നമ്പർ-57063542052

| ചെക്ക് നം. | തീയതി | തുക |
|---|---|---|
| 21900245 | 12.6.2019 | 24086.00 |

### 1-1-6 "Cheques Deposited But Not Credited" തുടർനടപടി സ്വീകരിക്കേണ്ടതാണ്

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 917010രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ/തീയതി | തുക | ബാങ്ക് |
|---|---|---|
| 9833606/30.6.20 | 300000 | കേരള ബാങ്ക് ജലനിധി-80007629151 |
| 045161/30.3.21 | 300000 | കേരള ബാങ്ക് ജലനിധി-80007629151 |
| 569444/2.2.2022 | 300000 | കേരള ബാങ്ക് ജലനിധി-80007629151 |
| 25112020/30.12.2020 | 10.00 | LGTSB 799013000000861 |

### 1-1-7 " Directly Debited By Bank" ഉചിതമായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തേണ്ടതാണ്

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്കിൽ (SBI E-payment) വന്ന ഡെബിറ്റ് തുകകൾ 31/3/2023 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രികയിൽ ഈ തുക " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും ,പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| Date | Amount |
|---|---|
| 6.12.2022 | 872 |
| 9.1.2023 | 177 |

| | |
|---|---|
| 28.10.2022 | 583 |
| Total | 1632 |

### 1-1-8 "Directly Credited By Bank" ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതാണ്

"Directly Credited By Bank" എന്ന ഇനത്തിൽ താഴെ പറയുന്ന തുകകൾ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| Date | Amount |
|---|---|
| 30.3.23(SBI E-payment) | 1889.00 |
| 4.3.22 (Kerala Bank Own Fund) | 300000 |
| 3.4.21 (Kerala Bank Own Fund) | 300000 |
| 10.3.21 (Kerala Bank Own Fund) | 300000 |
| 4.3.22 (Kerala Bank Own Fund) | 750 |
| Total | 902639.00 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

### 1-1-9 വസ്തു നികുതി റെസിഡൻഷ്യൽ ഡി.സി.ബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തമില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**തൻവർഷം**

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4061063 | 4003517 | 36398 | 35275 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4059433 | 3987906 | 38400 | 35275 |
| | (ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്, | (റസീറ്റ് & പേയ്മെന്റ് പത്രിക, | (350410101- Advance Collection- | 37055x100/105=35290., ചെറിയ തുക വ്യത്യാസം |

| | | | | |
|---|---|---|---|---|
| | ഷെഡ്യൂൾ ഐ-1) | ഷെഡ്യൂൾ ആർ.പി-45) | PT On Res. Bldg-ന്റെ ലെഡ്ജർ) | ആയതിനാൽ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുക എടുക്കുന്നു. (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ്, കളക്ഷൻ, മുൻകൂർ തുക ക്രമീകരിച്ചത് വ്യത്യാസപ്പെട്ടിരിക്കുന്നു.

2.വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-10 നോൺ-റെസിഡൻഷ്യൽ തൻവർഷം-വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 6096252 | 5543783 | 131698 | 448432 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 6091590 | 5,517,488.00 | 30632 | 442187 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (*350410104-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | 464296*100/105=442187 (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ്,കളക്ഷൻ,മുൻകൂർ ക്രമീകരിച്ച തുക, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

2.വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.
*Advance Collection-PT On Res. Bldg-ന്റെ ലെഡ്ജറിൽ തന്നെയാണ് നോൺറസിഡൻഷ്യൽ ബിൽഡിങ്ങിന്റെ അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തിരിക്കുന്നത്. 2021-22 ൽ നോൺറസിഡൻഷ്യൽ അഡ്വാൻസ് വാർഷികകണക്കിൽ (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9) രേഖപ്പെടുത്തിയിരുന്നില്ല. തൻ വർഷം റസിഡൻഷ്യൽ ബിൽഡിങ്ങിന്റെ അഡ്വാൻസ് ലെഡ്ജർ മുഖേന അഡ്വാൻസ് ക്രമീകരിച്ചതിന് ആധാരമായ സാക്ഷ്യപ്പെടുത്തിയ ജേണൽ വൗച്ചർ, വർക്ക്ഷീറ്റുകൾ ഹാജരാക്കിയിട്ടില്ല.

## 1-1-11 കുടിശ്ശിക റെസിഡൻഷ്യൽ-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

കുടിശ്ശിക റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 75400 | 31368 | 44071 |
| വാർഷികകണക്കിലെ | 180248 | 31368 | 44071 |

| | | | |
|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (153350+35910=189260) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | 46314*100/105 =44109 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം ആയതിനാൽ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുക എടുക്കുന്നു. (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. ഡിമാന്റ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു

2.വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയസോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-12 കുടിശ്ശിക നോൺ-റെസിഡൻഷ്യൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപെടുന്നില്ല

കുടിശ്ശിക നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 2481049 | 341124 | 2140278 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3357019 | 341124 | 2140278 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (1050766+247104= 352487*100/105= | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | 2247450*100/105= 2140429.00 ചെറിയ തുക വ്യത്യാസം സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. ഡിമാന്റ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-13 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിലെ അപാകതകൾ.

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 201441493.00 |
| ആകെ ചെലവ് (B) | | 197811224.00 |
| മിച്ചം തുക C= A-B | | 3630269.00 |
| Prior Period Income | | -181046.00 |
| Prior Period Expenditure | -6194882.00 | |
| Net Difference Between Prior Period Income And Expenses (D) (I&E പ്രകാരം) | | -6013836.00 |
| | അക്കൗണ്ട്സ് പ്രകാരം | യഥാർത്ഥത്തിൽ വരേണ്ടിയിരുന്നത് |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | -2383567.00 | 9644105.00 |
| 31/3/22ലെ ബാലൻസ് ഷീറ്റ് പ്രകാരം 310900101- Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 51040945.00 | 51040945.00 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) = C+D | -2383567.00 (3630269-6013836) | 9644105.00 (3630269+6013836) |
| 31/3/23 ലെ ബാലൻസ്ഷീറ്റ് | 60685050.00 I&E യിലെ മിച്ച | 60685050.00 |

| | | | |
|---|---|---|---|
| | പ്രകാരം 310900101- Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | തുകയായ (2383567) കൂട്ടുമ്പോൾ ഗണിതക്രിയ പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ വരേണ്ടിയിരുന്നത് 48657378 ആണ്. എന്നാൽ 31.03.23 ലെ ബാലൻസ്ഷീറ്റ് ബി1 ഷെഡ്യൂളിൽ Excess Of Income Over Expenditure എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക ശരിയാണ്. | |

(കുറിപ്പ്- ഓഡിറ്റിന് ILGMS മൊഡ്യൂളിൽ ലഭ്യമാക്കിയ Income And Expenditure Account പ്രകാരം വരുമാനം, ചെലവ് എന്നിവയിൽ വ്യത്യാസമില്ലെങ്കിലും മിച്ച തുകയായി കണക്കാക്കിയിരിക്കുന്നത് -2383567.00 രൂപയാണ്. ഗണിതക്രിയ പ്രകാരം വരേണ്ടത് 9644105.00 ആണ്.

## 1-1-14 ലൈബ്രറി സെസ്സ്-വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 500508.00രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 509814.00 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt. Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട് തുകയുമല്ല മറിച്ച് 640243.00 രൂപയാണ്. (ജേണൽ വൗച്ചർ നം. 42201593,95,98 & 99/ 31-03-2023)

തൻ വർഷത്തെ ഡിമാന്റിൽ നിന്ന് 640243 രൂ കുറവ് ചെയ്തത് കൂടാതെ “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് തൻവർഷം Prior Period മുഖേന 2020-21& 2021-22 വർഷങ്ങളിൽ കുറവ് ചെയ്യാൻ വിട്ടുപോയ കളക്ഷൻ തുക കൂടി കുറവ് ചെയ്തിട്ടുണ്ട്. (ജേണൽ വൗച്ചർ 42201080 തീ. 13-03-2023 മുഖേന 918,690.00 രൂ) ഈ രേഖപ്പെടുത്തലിന് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-1-15 മുൻകൂർ തുക ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായി രേഖപെടുത്തിയിട്ടില്ല/ബാലൻസ്ഷീറ്റുമായി പൊരുത്തപെടുത്തിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | FACTEOS | 350410301-Advance Collection Of Revenues-Licence Fees For Factories,Traders,Enterprenuers And Other Services | 450330 |

## 1-1-16 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Sl No. | Head | Amount As Per Balance Sheet B9 | As Per Demand Register-Sanchaya |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 13981 | 1060423 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 27925 | 921570 |

## 1-1-17 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-18 വസ്തുനികുതി ഡിമാന്റ് ഒറ്റത്തവണ മാത്രം

1/4/2022ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ മാള ഗ്രാമപഞ്ചായത്തിൽ 416 കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2022-23 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റതവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.കൂടാതെ 31.3.2023 ൽ ഡിമാന്റ് കുറവ് ചെയ്തിട്ടുണ്ട്ഈ ഡിമാന്റ് എൻട്രികൾക്കും കുറവ് ചെയ്ത എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല.

“സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-19 വാടക ഡിമാന്റ് ചട്ടപ്രകാരം രേഖപ്പെടുത്തിയില്ല

2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (45 കെട്ടിടങ്ങൾ) | 130100101-Rent From Building | 2,935,680.00 | 19.03.2023 | J 42201112 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-20 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. FACTEOS ഡിമാന്റ് രജിസ്റ്റർ

2.വാടക ഡിമാന്റ് രജിസ്റ്റർ

3.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4.ഡോഗ് &പിഗ് ലൈസൻസ് രജിസ്റ്റർ

5.തൊഴിൽ നികുതി ജീവനക്കാർ/ട്രേഡേഴ്സ്

### 1-1-21 FACTEOS ലൈസൻസ് വാർഷികകണക്കും രജിസ്റ്ററും പൊരുത്തമില്ല

FACTEOS ലൈസൻസ് രജിസ്റ്റർ പ്രകാരം വരവ് 627250 രൂ ആണ്. എന്നാൽ വാർഷികകണക്ക് പ്രകാരം 640750 രൂ ആണ് (തൻവർഷം RP45 185250, അഡ്വാൻസ് 2021 -22 വാർഷികകണക്ക് ബി-9 പ്രകാരം 455500 രൂപ ആണ് (ആകെ 640750 രൂപ) 13500 രൂപയുടെ വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

### 1-1-22 രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B7/B18/B4 എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് പരിശോധിക്കുന്നതിന് ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, മാനവൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

### 1-1-23 ജേണലുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-1-24 ഇൻവെസ്റ്റ്മെന്റുകൾ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയത് പരിശോധിച്ചതിൽ അക്കൗണ്ട് നമ്പർ-148818801200203/30.3.2023 കേരള ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള 329717 രൂപ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. അപാകത 2023-24 വർഷത്തിൽ പരിഹരിക്കേണ്ടതാണ്.

### 1-1-25 " Capital Contribution" ഒരേ തുക തന്നെ രേഖപ്പെടുത്തി

31/3/2022 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് (47516991 രൂപ) 31/3/2023 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന മൂലധന പ്രവൃത്തികൾ/ആസ്തികൾ സൃഷ്ടിക്കപ്പെടുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

### 1-1-26 Capital Work In Progress തെറ്റായി രേഖപ്പെടുത്തി

ബാലൻസ് ഷീറ്റ് ബി11 (B) 412010101 എന്ന ഹെഡ്ഡിൽ "ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്"ആയി 122,238 രൂ ആണ് കാണിച്ചിരിക്കുന്നത്. ആയത് 2021-22 ൽ ഉൾപ്പെട്ടതാണ്. തൻവർഷത്തെ കണക്കുകൾ ഈ ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻ വർഷം ആസ്തി സൃഷ്ടിക്കുന്ന 3 വർക്കുകൾ അസി. എഞ്ചിനീയർ നടപ്പിലാക്കിയതിൽ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ | പ്രൊജക്റ്റിന്റെ പേര് | പാർട്ട് ബിൽ |
|---|---|---|

| നമ്പർ | | തുക |
|---|---|---|
| 1 | അണ്ണല്ലൂർ ആനപ്പാറ ഡ്രിങ്കിങ്ങ് വാട്ടർ സ്കീം | 536578 |
| 2 | നെയ്തക്കടി കുളം സൈഡ് പ്രൊട്ടക്ഷൻ | 464945 |
| 3 | പണ്ട്യൻകുളം ഇടത്തോട് സൈഡ് പ്രൊട്ടക്ഷൻ | 476539 |
| | | 1478062 രൂ |

## 1-1-27 ILGMS പുതിയ ശീർഷകങ്ങൾ ആധികാരികത വ്യക്തമാക്കേണ്ടതാണ്

1/4/2022 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ. 26/7/11 പ്രകാരം നിർവ്വചിച്ച അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു. ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

Opening Balance Sheet

31/3/2022 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

## 1-1-28 തൊഴിലുറപ്പ് പദ്ധതി ക്യാപിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെടുത്തിയിട്ടില്ല

A) 2022-23 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ചിറ്റേത്ത് അമ്പലം റോഡ് കോൺക്രീറ്റിങ്ങ് എന്ന വർക്കിന്റെ ചെലവ്, 330897 രൂപ വാർഷിക കണക്കിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിൽ 330897/- രൂപയുടെ ആസ്തികളും, തത്തുല്യമായ തുകക്കുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകകളും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.
B) I-6 ൽ NREGA വരവിൽ 121 രൂപ പലിശ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-29 "280000000-Prior Period Item" അംഗീകരിക്കപ്പെട്ട വൗച്ചറുകളോ,വർക്ക്ഷീറ്റുകളോ ഹാജരാക്കിയില്ല

ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| Head (Income & Expenditure Account, Schedule I-18, 1-19) | Ledger Balance As On 31/3/2023 |
|---|---|
| 190100101-Prior Period Income -Property Tax | -208406.00 |
| 190200201-Prior Period Income-LICENSE FEES | 250.00 |
| 290800701-Prior Period-Misellaneous Expenses | -6193032 (R&P യിലെ 1850 രൂ കുറവ് ചെയ്തു) |

## 1-1-30 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4, ബി17 തുല്യമല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | Balance Sheet Schedule B-4 | | | Balance Sheet Schedule B-17 | | |
|---|---|---|---|---|---|---|
| Sl No | Head | Item | Amount | Head | Bank Account | Amount |
| 1 | 320100160 | Housing For All | 611234.00 | Life UBI | UBI-(339302010018679) | 508798.00 |
| 2 | 3201001994 | Library Grant | 9945.00 | Library SBT | SBT57063542052 | 9920.00 |
| 3. | 320200104& 320200113 | Development Fund Tied&Un Tied Fund | 5167505.00 | Federal Bank | Federal Bank-14330100174205 | 5190540.00 |
| 4 | 320700105, 320700204, 320700205 | Joint Venture | 1822518.00 | STO Joint Venture Annamanada | 799011400001282 | 323630.00 |
| 5 | 320100128 | MGNREGA | 655592.00 | KERALA GRAMIN BANK | 40289100102402 | 0.00 |
| 6 | 320300102 | Jalanidhi | 807778 | Canara Bank | 8555101063540 | 567938.00 |

## 1-1-31 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ ഇല്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ കാണുന്നില്ല.

| Sl No | Head | Bank Account | Amount |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 450210101 Life Bhavana Nidhi | Kerala Gramin Bank | 10521.00 |
| 2. | 450210102 Jalanidhi | Kerala Bank | 4159568.00 |

## 1-1-32 മുൻകൂർ തുകകൾ ചെലവായി രേഖപ്പെടുത്തി

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ് ,ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No. | Project | Voucher No. | Deposit Amount | Head Under Which Expenditure Booked | Head Under Which Expenditure To Be Booked |
|---|---|---|---|---|---|
| 1 | 137/23 Post Shifting | 42200897/21.01.23<br>22201490/29.3.23 | 19650.00<br>14346.00 | 251200001-Electric Line-Post Re-Arrangement | 460500202-Advance To Implementing Agencies-Deposit With KSEB |

## 1-1-33 സർവ്വീസ് സെസ് തെറ്റായി രേഖപ്പെടുത്തി

പഞ്ചായത്ത് സർവ്വീസ് സെസ് ഈടാക്കുന്നില്ല. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 ൽ 431100105 എന്ന ഹെഡ്ഡിൽ -15619.00 രൂപ "Receivables For Service Cess On Property Tax" ആയി രേഖപ്പെടുത്തിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

| | പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| ബജറ്റ് | 20-3-2022 | 1(1) | 390583000 | 376846000 |
| റിവൈസ്ഡ് ബജറ്റ് | 27-2-2023 | 2/1 | 39058300 | 376846000 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 21171000 | 21171000 | 20285080 | 885920 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11793000 | 11793000 | 11793000 | 0 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്- ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | -- | 11150000 | 11150000 | 10028772 | 1121228 |
| മെയിന്റനൻസ്, നോൺ-റോഡ് | -- | 6409000 | 6409000 | 3341482 | 3067518 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് (ബാങ്ക്) | 1888236 | 5436000 | 7324236 | 2389700 | 4934536 |
| (ട്രഷറി) | 0 | 2598701 | 2598701 | 703058 | 1895643 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് (ബാങ്ക്) | 59136 | 3797833 (പലിശ ഉൾപ്പെടെ) | 3856969 | 3624000 | 232969 |
| (ട്രഷറി) | 0 | 631835 | 631835 | 631835 | 0 |

മാനുവൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. അതിനാൽ മറ്റ് ഫണ്ടുകളുടെ വിവരം ലഭ്യമല്ല. ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കിയപദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 158 | 250985987 | 117 | 80649071 | 32.13 | 74.06 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1024967 | 1024967 | 1024967 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 23631052 | 23631052 | 23631052 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 4664418 | 4664418 | 4664418 | 0 |
| ആകെ | 0 | 29320437 | 29320437 | 29320437 | 0 |

330897 രൂപ ക്യാപിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ അപാകത ഖ.1-1-28 ൽ ചേർത്തിട്ടുണ്ട്. വാർഷികകണക്ക് പ്രകാരമുള്ള വിവരമാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്. വരവിൽ 121 രൂപ പലിശ I-6 ൽ ഉൾപ്പെട്ടിട്ടില്ല. ആയതുകൂടി ഉൾപ്പെടുത്തിയാണ് ഖണ്ഡികയിൽ വരവ് ചേർത്തിരിക്കുന്നത്.

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിതവേതനം | 6240 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 6139800 | 532 |
| വിധവാ പെൻഷൻ | 16652600 | 1524 |
| വാർദ്ധക്യകാല പെൻഷൻ | 33634000 | 3180 |
| വികലാംഗ പെൻഷൻ | 4464600 | 400 |
| 50വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 961600 | 91 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.12.2023 തീയതിയിൽ 3.00 PM ന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,157/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഒന്നാം ഭാഗത്തിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 നികുതി നികുതിയേതര വരവുകൾ

### ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ പ്രവർത്തനം

മാള ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധനയിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. തനത് വരുമാന കുടിശ്ശിക നിവാരണത്തിനായി നികുതി പിരിവ് കളക്ഷൻ ക്യാമ്പുകൾ 2022 നവംബർ , ഡിസംബർ , 2023ഫെബ്രുവരി മാസങ്ങളിലായി സംഘടിപ്പിച്ചിട്ടുണ്ട്.കൂടാതെ കുടുംബശ്രീ അംഗങ്ങൾ മുഖേന നോട്ടീസ് വിതരണവും അനൗൺസ്മെന്റ് വഴി കളക്ഷൻ ക്യാമ്പുകൾ സംബന്ധിച്ച് വ്യാപക പ്രചരണവും 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്. വാർഷിക കണക്ക് പ്രകാരം നിലവിൽ, തൻ വർഷവും മുൻ വർഷങ്ങളിലുമായി പഞ്ചായത്തിന് ലഭിക്കേണ്ടുന്നതായ വസ്തു നികുതിയിൽ 27,95,115/- രൂപയും, ലൈസൻസ് ഫീ ഇനത്തിൽ 34,500/- രൂപയും തൊഴിൽ നികുതിയിനത്തിൽ 6,190/- രൂപയും കൂടാതെ വാടകയിനത്തിൽ 14,32,690/- രൂപയുടെയും കുടിശ്ശിക നിലനിൽക്കുന്നു. കുടിശ്ശിക നിവാരണത്തിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക കൃത്യമായി കുടിശ്ശിക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്നുമാസത്തിലൊരിക്കൽ ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച നടത്തുകയോ ചെയ്യുന്നില്ല. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനങ്ങൾ മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും വായിച്ച് അവതരിപ്പിക്കാറില്ല. നികുതി-നികുതിയേതര വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

തനത് വരുമാനത്തിലെ കുടിശിക നിവാരണത്തിനായി കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് ( % ) | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 3895572 | 4059433 | 4.21 | 416 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു. |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 5528554 | 6091590 | 10.18 | |
| തൊഴിൽ നികുതി- സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 977270 | 1087810 | 11.31 | |
| തൊഴിൽ നികുതി - ജീവനക്കാർ | 4131690 | 4136800 | 0.12 | |
| വാടക | 1370826 | 2935680 | 114.15 | |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ ജീവനക്കാരുടെ തൊഴിൽ നികുതിയിലുള്ള വരുമാനത്തിൽ ഒഴികെ മറ്റ് വരുമാനങ്ങളിൽ തൃപ്തികരമാണ്. വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

**വസ്തുനികുതി**

കേരള സർക്കാർ തദ്ദേശസ്വയംഭരണ(ആർ.സി)വകുപ്പ് പുറപ്പെടുവിച്ച സ.ഉ (അച്ചടി) നം.25/2023 ത.സ്വ.ഭ.വ തീയതി 05.04.2023 വിജ്ഞാപന പ്രകാരം മാള ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് വേണ്ടി ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ശുപാർശയോടെ ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചത് 27.04.2023ലെ ഭരണസമിതി യോഗത്തിലെ 1/1 തീരുമാന നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ വിഭാഗത്തിന്റെയും അടിസ്ഥാന നിരക്ക് പുതുക്കി നിശ്ചയിച്ചതിന്റെ കരട് വിജ്ഞാപനം ചെയ്യുകയും ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി സമയം അനുവദിക്കുകയും ശേഷം 01.06.2023ലെ ഭരണസമിതി യോഗത്തിലെ 1/1 തീരുമാന നമ്പർ പ്രകാരം അന്തിമ തീരുമാനം എടുത്തിട്ടുണ്ട്. 2022-23 വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഉത്തരവുകൾക്ക് അനുസരിച്ച് നിലവിലുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതിയുടെ 5% വർദ്ധനവ് സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. മുഴുവൻ കെട്ടിടങ്ങളുടേയും ഡാറ്റ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റ ലോക്ക് ചെയ്തിട്ടില്ല. റോഡ് മാപ്പ് തയ്യാറാക്കിയിട്ടില്ല. കൂടാതെ 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ് ചട്ടങ്ങളിലെ ചട്ടം 7 നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖല സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഉറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഫീൽഡ് സന്ദർശനം നടത്തി പരിശോധന നടത്തി വരുന്നുണ്ട്. അനധികൃത കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി കുടിശ്ശികയില്ല.

**സേവന ഉപനികുതി**

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി ചുമത്തിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് ചട്ടം 26 പ്രകാരം ഈടാക്കാവുന്ന സേവന ഉപനികുതി ചുമത്തേണ്ടതില്ല എന്ന മുൻ വർഷങ്ങളിലെ തീരുമാനം തുടർന്നു പോരുകയാണ് ചെയ്തിട്ടുള്ളത്. കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് സർവീസ് ചാർജ് ഈടാക്കുന്നില്ല.

**തൊഴിൽ നികുതി**

പഞ്ചായത്ത് പരിധിയിൽ ചില സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചു വരുന്നുണ്ട്. ആയതിനാൽ തന്നെ ഇത്തരം സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി ഇനത്തിലും വരുമാനം നഷ്ടമാകുന്നുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് തടയുന്നതിനും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ കൃത്യമായി ഡിമാൻഡ് ചെയ്ത് ഈടാക്കി പഞ്ചായത്തിന്റെ തനത്

വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല. എന്നാൽ നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രം ഡിമാന്റ് രജിസ്റ്ററിൽ മേൽ പ്രകാരം വർഗീകരിച്ച് സൂക്ഷിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായവർക്ക് നോട്ടീസ് നല്കുകയും നികുതി ഈടാക്കുകയും ചെയ്യുന്നുണ്ട്.

**വിനോദനികുതി**

അമ്യൂസ്മെന്റ് പാർക്ക്, ഇൻഡോർ ക്ലബ്ബ്/സ്റ്റേഡിയം, നീന്തൽ കുളങ്ങൾ എന്നിവ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പ്രദർശന വിപണന മേളകൾ നടത്തപ്പെടാറുണ്ടെങ്കിലും അവയിൽ നിന്നും ഫീസ് ഈടാക്കാറില്ല. വിനോദ സഞ്ചാര സാധ്യതയുള്ള പഞ്ചായത്തിലെ സ്ഥലങ്ങൾ (ജൂത സിനഗോഗ്, മാള കുളം) നിലവിൽ മുസിരിസ് പൈതൃക സംരക്ഷണ സമിതിയ്ക്ക് കൈമാറിയിട്ടുള്ളതാണ്. വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ എടുത്തതായി കാണുന്നില്ല.

**നികുതിയേതര വരവുകൾ**

**(1) വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ**

പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വരുന്നുണ്ടെങ്കിലും റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് നൽകൽ, ഭേദഗതി ചട്ടങ്ങൾ, 2017ലെ ചട്ടം 18, 21, 24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ലൈസൻസ് എടുക്കാൻ ബാധ്യസ്ഥമായ മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(2) വാടക, ലേലം, ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന**

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നുണ്ട്. വാടക കൃത്യമായി ഈടാക്കി വരുന്നില്ല. വാടക വരുമാനത്തിലെ അപാകതകൾ സംബന്ധിച്ച് ഈ റിപ്പോർട്ടിലെ ഖണ്ഡിക നം. 1-16, 1-17, 1-18, 1-19 എന്നിവയിൽ പരാമർശിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട ആസ്തികൾ, മരാമത്ത് പ്രവർത്തികൾ നടത്തിയത് മൂലം ലഭ്യമായ മണ്ണ്, പാഴ് വസ്തുക്കൾ എന്നിവ യഥാസമയം ലേലം ചെയ്തത് സംബന്ധിച്ച ഫയൽ പരിശോധയ്ക്ക് ലഭ്യമായില്ല. ആയത് സംബന്ധിച്ച് ഈ റിപ്പോർട്ടിലെ ഖണ്ഡിക നം. 1-20 ൽ പരാമർശിക്കുന്നുണ്ട്. ആംബുലൻസ്, കാർഷികയന്ത്രങ്ങൾ തുടങ്ങിയവയിൽ നിന്നും പഞ്ചായത്തിന് വാടകയില്ല.

**ശിപാർശകൾ**

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, ലേലം എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും ,കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

## 1-10 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204). ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1) തൊഴിൽ നികുതി രജിസ്റ്ററും ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി 2022-23 സാമ്പത്തിക വർഷത്തിൽ ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം. | |
|---|---|---|
| 1 | റേഷൻ കടകൾ | |
| 2 | ക്ഷീര സഹകരണ സംഘങ്ങൾ<br>1) മാള<br>2) വലിയപറമ്പ്<br>3) PDDP മാരേക്കാട്<br>4) വടമ<br>5) കെട്ടിട നം 4/51 | |
| 3 | ശിവശക്തി ഫ്യൂവൽസ് അഷ്ടമിച്ചിറ | |
| 4 | SIB, വലിയപറമ്പ് | |
| 5 | മാള ബ്ലോക്ക് ടൗൺ കോ-ഓപ്പറേറ്റീവ് ബാങ്ക് , മാള | |
| 6 | മുത്തൂറ്റ് ഫിനാൻസ് | |
| 7 | ഡിവൈൻ കെയർ മാള | |
| 8 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ | |
| | A) | ശാന്തി ഹോമിയോ ക്ലിനിക്ക്, മാള |
| | B) | ഗുരുധർമ്മം മിഷൻ ഹോസ്പിറ്റൽ ലാബ്, മാള |
| | C) | എം ആർ ലബോറട്ടറി, മാള |
| | D) | എം ആർ ലബോറട്ടറി, അഷ്ടമിച്ചിറ |
| | E) | എം ആർ ലബോറട്ടറി, വലിയപറമ്പ് |
| | F) | ഡോക്ടേഴ്സ് ട്രസ്റ്റ് ലബോറട്ടറി, മാള |
| | G) | മാള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസസ്, മാള |
| | H) | അശ്വിനി ആയുർവേദ നഴ്സിംഗ് ഹോം |
| | I) | മൈ ഡെന്റിസ്റ്റ് , മാള |
| | J) | ലൈഫ് ലൈൻ ലബോറട്ടറി മാള |
| | K) | നീതി ലാബ് അഷ്ടമിച്ചിറ |
| | L) | AB's ഡെന്റൽ ആന്റ് കോസ്മെറ്റിക് ക്ലിനിക്ക് |
| | M) | വി സ്മൈൽ ഡെന്റൽ ക്ലിനിക്ക് വലിയപറമ്പ് |
| | N) | ജി ആർ മെഡിക്കൽ ലബോറട്ടറി മാള |
| | O) | ഡി കെയർ ഡെന്റൽ ക്ലിനിക്ക് |
| | P) | ആഗ്നേയ ആയുർവേദിക്സ് അഷ്ടമിച്ചിറ |
| | Q) | പാറക്കൽ ഡെന്റൽ ക്ലിനിക്ക് മാള |
| | R) | ഭീഷ്മ ഡെന്റൽ ക്ലിനിക്ക് അഷ്ടമിച്ചിറ |
| | S) | സെന്റ് ജോസഫ് ഹോസ്പിറ്റൽ പഴൂക്കര |
| | T) | DDRC SRC ഡയഗ്നോസ്റ്റിക്സ് മാള |
| | U) | മദർ കെയർ ക്ലിനിക്കൽ ലബോറട്ടറി |

2) ലൈസൻസിനായുള്ള അപേക്ഷ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ജോലിക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | ലൈസൻസ് നം. | ലൈസൻസിനുള്ള അപേക്ഷയിൽ കാണിച്ചിരിക്കുന്ന ജോലിക്കാരുടെ |
|---|---|---|---|---|

.

| | | | | എണ്ണം |
|---|---|---|---|---|
| 1 | സാൻജോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ | 7/74 | 15 | 4 |
| 2 | സാൻജോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ | 7/73 | 15 | 4 |
| 3 | കൃപ ബോൺ ഇൻഡസ്ട്രീസ് അണ്ണല്ലൂർ | 3/92 | 34 | 5 |
| 4 | കൃപ പോളി പാക്സ് | 3/93 | 35 | 3 |
| 5 | ജാഗ് ഡിസൈനർ ടൈൽസ് | 3/88,89, 89/A | 40 | 10 |
| 6 | റോക്ക് ലാന്റ് | 11/279,280 | 80 | 05 |
| 7 | മോർ സൂപ്പർ മാർക്കറ്റ് | 17/880/A | 168 | 10 |
| 8 | മണപ്പുറം ജ്വല്ലേഴ്സ് | 15/247 | 180 | 20 |
| 9 | ആന്റണി & സൺസ് ടൈൽസ് | 3/80 | 299 | 18 |
| 10 | സെന്റ് സേവിയേഴ്സ് ക്ലേ വർക്ക് | 4/521 | 352 | 25 |
| 11 | തോംസൺ ടൈൽ | 3/36 | 374 | 50 ൽ താഴെ |
| 12 | അന്ന വുഡ് ഇൻഡസ്ട്രീസ് | 5/338,339 | 381 | 08 |
| 13 | ടോമിസ് ഫ്യുവൽ പാർക്ക് | 10/175/A | 383 | 08 |
| 14 | പാലാട്ടി സോ മിൽ | 6/29,30 | 393 | 05 |
| 15 | തൃപ്തി ഫാമിലി റസ്റ്റോറന്റ് | 15/277 | 443 | 05 |
| 16 | AR പെട്രോ വർക്ക്സ് വലിയപറമ്പ് | 10/387 | 660 | 07 |
| 17 | മാതാ ഫർണീച്ചർ | 10/103, 10/103/A | 699 | 06 |

| | | | | |
|---|---|---|---|---|
| 18 | വർഗീസ് പെരേപ്പാടൻ ഫ്യൂവൽസ് | 17/505/A | 832 | 8 |
| 19 | മാതാ ഫർണീച്ചർ | 10/103, 10/103/A | 699 | 06 |
| 20 | വർഗീസ് പെരേപ്പാടൻ ഫ്യൂവൽസ് | 17/505/A | 832 | 8 |

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.26/05.12.2023). മുകളിൽ പറഞ്ഞിട്ടുള്ള അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൃത്യമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-11 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക വർഷം (I, II അർദ്ധവർഷം) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

.

| ക്രമ നം. | സ്ഥാപനം. |
|---|---|
| 1 | വെറ്ററിനറി പോളി ക്ലിനിക്ക് മാള |
| 2 | വികാസ് മണി ലിമിറ്റഡ് |
| 3 | പൂക്കോട് ക്ഷീര വ്യവസായ സഹകരണ സംഘം |
| 4 | കുരുവിലശ്ശേരി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് |
| 5 | CSB അഷ്ടമിച്ചിറ |
| 6 | Axis ബാങ്ക് |
| 7 | അക്ഷയ സെന്റർ<br>1) മാള<br>2) അഷ്ടമിച്ചിറ |
| 8 | റേഷൻ കടകൾ |
| 9 | ക്ഷീര സംഘങ്ങൾ |
| 10 | കള്ള് ഷാപ്പുകൾ |

2) ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.
മേൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ലാത്തതാണ് (ഓഡിറ്റ് എൻക്വയറി നം. 27/05.12.2023). സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ

മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204). ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിംഗിലെ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് |
|---|---|
| 1 | സി എൽ പിന്റോ |
| 2 | ജോൺസൺ കെ കെ |
| 3 | സി വി ദേവസ്സികുട്ടി |
| 4 | ജാഫർ വി കെ |
| 5 | ജോയ് ജോസഫ് |
| 6 | എ വി ബാബു |
| 7 | ഔസേഫ് |
| 8 | വി കെ ജോൺസൺ |
| 9 | സജീവ് കുമാർ |

എന്നാൽ പഞ്ചായത്തിന്റെ 2022-23 സാമ്പത്തികവർഷത്തെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും, പഞ്ചായത്ത് പരിധിയിലെ അംഗീകൃത കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത കരാറുകാരിൽ നിന്നും തുക ഈടാക്കുകയോ അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം തൊഴിൽനികുതി ഈടാക്കാത്തതിന് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം-28/05.12.2023). ആയതിനാൽ പ്രസ്തുത കരാറുകാരിൽ നിന്നും അവർക്ക് കരാർ നൽകിയതിന്റെ മൂല്യത്തിനനുസൃതമായി തൊഴിൽനികുതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തുനികുതി അപാകതകൾ

പഞ്ചായത്തിലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ, സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 32 സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|---|
| | | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| 1 | (1) Kolkunnu | 624 | 0 | 624 | 0 | 624 | 0 | 624 | 0 |
| 2 | (2) Anappara | 693 | 3 | 690 | 0 | 690 | 0 | 690 | 3 |
| 3 | (3) Annalloor | 654 | 5 | 649 | 0 | 649 | 0 | 649 | 5 |
| 4 | (4) Parakkoottam | 679 | 3 | 676 | 0 | 676 | 0 | 676 | 3 |
| 5 | (5) Pazhookkara | 705 | 3 | 702 | 0 | 702 | 0 | 702 | 3 |
| 6 | (6) Ashtamichira | 797 | 0 | 797 | 0 | 797 | 0 | 797 | 0 |
| 7 | (7) Ambazhakkad | 647 | 2 | 645 | 0 | 645 | 0 | 645 | 2 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 8 | (8) Koonamparamb | 726 | 0 | 726 | 0 | 726 | 0 | 726 | 0 |
| 9 | (9) Chakkamparamb | 594 | 0 | 594 | 0 | 594 | 0 | 594 | 0 |
| 10 | (10) Kottamury | 806 | 1 | 805 | 0 | 805 | 0 | 805 | 1 |
| 11 | (11) Snehagiri | 636 | 0 | 636 | 0 | 636 | 0 | 636 | 0 |
| 12 | (12) Valiyaparamb | 629 | 0 | 629 | 0 | 629 | 0 | 629 | 0 |
| 13 | (13) Kuruvilassery | 763 | 0 | 763 | 0 | 763 | 0 | 763 | 0 |
| 14 | (14) Kavanad | 714 | 0 | 714 | 0 | 714 | 0 | 714 | 0 |
| 15 | (15) Mala | 1510 | 2 | 1508 | 0 | 1508 | 0 | 1508 | 2 |
| 16 | (16) Neithakudy | 667 | 1 | 666 | 0 | 666 | 0 | 666 | 1 |
| 17 | (17) Kunnathukad | 1259 | 12 | 1247 | 0 | 1247 | 0 | 1247 | 12 |
| 18 | (18) Vadama | 680 | 0 | 680 | 0 | 680 | 0 | 680 | 0 |
| 19 | (19) Pathiyari | 669 | 0 | 669 | 0 | 669 | 0 | 669 | 0 |
| 20 | (20) Marekkad | 820 | 0 | 820 | 0 | 820 | 0 | 820 | 0 |
| | Total | 15272 | 32 | 15240 | 0 | 15240 | 0 | 15240 | 32 |

2) ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 02-ാം വാർഡ് മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണയം നടത്തിയിട്ടുണ്ട്.

| ക്രമ നം | കെട്ടിട നം. | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 113 | വത്സല പാലാരിൽ ഹൌസ്, കാട്ടിക്കരകുന്ന്, | കാട്ടിക്കരക്കുന്ന് മുസ്ലിം പള്ളി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 114 | അശോകൻ(പൂക്കോടൻ) | കാട്ടിക്കരക്കുന്ന് മുസ്ലിം പള്ളി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 2 | 116 | ജയരാജൻ മുതൽ പേർചെറാല ഹൌസ്, അഷ്ടമിച്ചിറ | കാട്ടിക്കരക്കുന്ന് മുസ്ലിം പള്ളി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 117 | സുബ്രൻ(പൂക്കോടൻ) | കാട്ടിക്കരക്കുന്ന് മുസ്ലിം പള്ളി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം |
| 3 | 201 | വത്സല കുഴിക്കാട്ടുശ്ശേരി | കൊടകര കൊടുങ്ങല്ലൂർ സ്റ്റേറ്റ് ഹൈവെ | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 202 | അമ്മിണി കുഴിക്കാട്ടുശ്ശേരി | കൊടകര കൊടുങ്ങല്ലൂർ സ്റ്റേറ്റ് ഹൈവെ | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 4 | 203 | സുരേഷ് കുഴിക്കാട്ടുശ്ശേരി | കൊടകര | 5 | ദ്വിതീയം |

| | | | | | |
|---|---|---|---|---|---|
| | | | കൊടുങ്ങല്ലൂർ സ്റ്റേറ്റ് ഹൈവെ | മീറ്ററോ അതിൽ കൂടുതൽ | |
| | 205 | രേണുക കൊക്കുവായിൽ | കൊടകര കൊടുങ്ങല്ലൂർ സ്റ്റേറ്റ് ഹൈവെ | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| 5 | 219 | മജീദ് പുഴങ്കരയിൽ | കോൾക്കുന്ന് കലിക്കൽ അമ്പലം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 220 | ഹരിഹരൻ തോട്ടുപുറത്ത് | കോൾക്കുന്ന് കലിക്കൽ അമ്പലം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 6 | 298 | മല്ലിക ഉറുവത്ത് | കോൾക്കുന്ന് കോൺവെന്റ് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 298A | മല്ലിക ഉറുവത്ത്, കോൾക്കുന്ന് | കോൾക്കുന്ന് കോൺവെന്റ് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| 7 | 419 | പോൾ അനൂക്കൻ താരകംപറമ്പിൽ | മറിയം ത്രേസ്യ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 420 | ഷാജു | മറിയം ത്രേസ്യ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 8 | 431/A | മദർ സുപ്പീരിയർ ഹോളി ഫാമിലി കോൺവെന്റ്,കുഴിക്കാട്ടുശ്ശേരി | കുഴിക്കാട്ടുശ്ശേരി മഠം പുത്തൻചിറ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 432/B | സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ | കുഴിക്കാട്ടുശ്ശേരി മഠം പുത്തൻചിറ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| 9 | 511/A | ജാനകി ഇരുമ്പിള്ളിപ്പറമ്പിൽ | കുഴിക്കാട്ടുശ്ശേരി മഠം പുത്തൻചിറ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 511/B | സുബ്രഹ്മണ്യൻ നൈവളപ്പിൽ | കുഴിക്കാട്ടുശ്ശേരി മഠം പുത്തൻചിറ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ മേൽ ചേർത്തിരിക്കുന്ന നികുതി അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 32/05.12.2023)

## 1-14 CRZMA യുടെ അനുമതി ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നു

മാള ഗ്രാമപഞ്ചായത്ത് വാർഡ് 16 ൽ സ്ഥിതി ചെയ്യുന്ന ജിബി ഫാമിന് നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയും, പ്രസ്തുത സ്ഥാപനത്തിൽ സ്ഥല പരിശോധനയും നടത്തിയപ്പോൾ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വടമ വില്ലേജിൽ 522, 523/1-3 ,523/2, 524/2, 524/3 എന്നീ സർവ്വേ നമ്പറുകളിൽ 523/1-3 എന്ന സർവ്വേ ഭൂമിയിൽ പുതിയ കെട്ടിടം നിർമ്മിച്ചിട്ടുള്ളതും ആയതിന് പാർപ്പിടാവശ്യം-റിസോർട്ടുകൾ എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി 16/25/A എന്ന നമ്പർ അനുവദിച്ചിട്ടുണ്ട്. പ്ലോട്ടിന്റെ പടിഞ്ഞാറ് വശത്ത് കൂടി കരിങ്ങാച്ചിറ പുഴ , തെക്കേ ഭാഗത്ത് കൂടി മാള പുഴ എന്നിവ ഒഴുകുന്നുണ്ട്. കൂടാതെ ശേഷിക്കുന്ന ഭാഗത്ത് ഉപ്പുവെള്ളത്തിന്റെ സാന്നിധ്യവുമുള്ള പ്ലോട്ടിലാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. വേലിയേറ്റ ബാധിത പ്രദേശമായതിനാൽ CRZ പരിധിയിൽ വരുന്ന ടി പ്രദേശത്ത് നടത്തിയിട്ടുള്ള നിർമ്മാണം CRZ പരിധിയിൽ നിന്നും കൃത്യമായ അകലം പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടുള്ളതായി ഫയലിൽ വ്യക്തമല്ല. CRZ പരിധിയിൽ വരുന്ന നിർമ്മാണങ്ങൾക്ക് Coastal Regulation Zone Management Authority(CRZMA) യുടെ അനുമതി ആവശ്യമാണ് എന്നിരിക്കെ പ്രസ്തുത ഫയലിൽ അപ്രകാരം അനുമതി ലഭിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

2. ജിബി ഫാമിനോട് ചേർന്ന് സർവ്വേ നമ്പർ 524/2 നിലം ഭൂമിയിൽ നിർമ്മാണം നടത്തിയിട്ടുള്ളതായും അതിനോട് ചേർന്ന് ഒരു നീന്തൽ കുളം നിർമ്മിച്ചിട്ടുള്ളതായും സ്ഥലപരിശോധനയിൽ കണ്ടു. എന്നാൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടവും, നീന്തൽകുളവും കംപ്ലീഷൻ സ്കെച്ചിൽ ഉൾപ്പെട്ടിട്ടില്ല. നീന്തൽക്കുളത്തിന്റെ വിസ്തീർണ്ണം വസ്തുനികുതി നിർണ്ണയത്തിന് കണക്കാക്കിയിട്ടില്ല.

3. പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിനോട് ചേർന്ന് കെഎസ്ഇബി ഹൈ വോൾട്ടേജ് ഇലക്ട്രിക്കൽ ലൈനുകൾ കടന്ന് പോകുന്നുണ്ട്. ഇപ്രകാരം കെഎസ്ഇബി ഹൈ വോൾട്ടേജ് ഇലക്ട്രിക്കൽ ലൈനുകൾ കടന്ന് പോകുന്ന മേഖലയിൽ നിർമ്മാണങ്ങൾ നടത്തുന്നതിന് ഇലക്ട്രിക്കൽ ലൈനിൽ നിന്നും വെർട്ടിക്കൽ/ഹൊറിസോണ്ടൽ ക്ലിയറൻസ് വേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി യിൽ നിന്നും NOC ലഭ്യമാക്കേണ്ടതുമാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ NOC ലഭ്യമാക്കിയതായി കണ്ടില്ല. ഇപ്രകാരം NOC ഇല്ലാതെ നിർമാണത്തിന് അനുമതി നൽകുന്നതിന് മുൻപായി കെട്ടിടവും ഇലക്ട്രിക്ക് ലൈനുകളും തമ്മിലുള്ള അകലം കൃത്യമായി പരിശോധിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. പുഴയോട് ചേർന്ന പ്ലോട്ടിൽ കെട്ടിട നമ്പർ 16/26,27,28 എന്നീ കെട്ടിടങ്ങളിൽ ഹോംസ്റ്റേ നടത്തി വരുന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ(https://gibyfarm.com) നിന്നും കെട്ടിടങ്ങൾ ഹോംസ്റ്റേയായി ഉപയോഗിക്കുന്നതായി കാണുന്നു. എന്നാൽ പ്രസ്തുത കെട്ടിടങ്ങൾ പാർപ്പിടാവശ്യം എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിശ്ചയിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടങ്ങൾക്ക് 35 വർഷത്തിലധികം പഴക്കമുണ്ട്. എന്നാൽ ഔദ്യോഗിക വെബ്സൈറ്റിൽ സ്ഥാപനം പരസ്യം ചെയ്തിരിക്കുന്ന ചിത്രങ്ങളിൽ കെട്ടിടം നവീകരിച്ച നിലയിലാണ്. ഈ സാഹചര്യത്തിൽ ടി കെട്ടിടത്തിന്റെ ഘടനയിലും തറവിസ്തീർണ്ണത്തിലും മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ടി കെട്ടിടങ്ങളെ പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ നിന്നും സ്വകാര്യ ഹോംസ്റ്റേ എന്ന ഉപയോഗക്രമത്തിലേക്ക് മാറ്റി വസ്തുനികുതി പുന:നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ അപ്രകാരം നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ അപാകങ്ങളും, CRZ പ്ലോട്ടിലെ നിർമ്മാണപ്രവർത്തനങ്ങൾക്ക് പെർമിറ്റ്/റഗുലറൈസേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ രേഖകളും ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.36/05.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ ടി കെട്ടിടങ്ങൾക്ക് ആവശ്യമായ അനുമതികൾ സമ്പാദിക്കേണ്ടതും മേൽ അപാകങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതും വിശദവിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-15 മൊബൈൽ ടെലഫോൺ ടവറിന് തെറ്റായി വസ്തു നികുതി നിർണ്ണയിച്ചു

എ.ടി.സി ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ മൊബൈൽ ടെലഫോൺ ടവറിന് 3/250/A എന്ന കെട്ടിട നമ്പർ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ വസ്തു നികുതി കണക്കാക്കുന്നതിലേക്കായി 8.76 മീറ്റർ സ്ക്വയർ ടവറിന്റെ വിസ്തീർണം മാത്രമാണ് പരിഗണിച്ചത്. സർക്കുലർ നമ്പർ ആർ.ഡി.3/94/2020 ത.സ്വ.ഭ.വ തിയ്യതി 26.02.2022 പ്രകാരം മൊബൈൽ ടവറുകളുടെ പ്രവർത്തനത്തിന് ജനറേറ്റർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ അനിവാര്യമായതിനാൽ മൊബൈൽ ടവറുകളുടെ ടവറിന്റെ തറവിസ്തീർണ്ണം, ജനറേറ്റർ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ തറ വിസ്തീർണ്ണം, മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ തറവിസ്തീർണ്ണം എന്നിവ കണക്കിലെടുത്ത് വസ്തുനികുതി നിർണയം നടത്തേണ്ടതാണ്. പ്രസ്തുത പ്ലോട്ടിന്റെ പ്ലാൻ പരിശോധിച്ചതിൽ നിന്നും 7.03 മീറ്റർ സ്ക്വയർ തറവിസ്തീർണ്ണമുള്ള ക്യാബിൻ റൂം കൂടി കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ വസ്തുനികുതി നിശ്ചയിക്കുന്നതിലേക്ക് ആയത് പരിഗണിക്കാതെയിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. ക്യാബിൻ റൂമിന്റെ 7.03 $M^2$ തറവിസ്തീർണ്ണം കൂടി കണക്കിലെടുത്ത് വസ്തു നികുതി പുനഃനിർണ്ണയിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. – 37/05.12.23)

## 1–16 വാടക കരാർ ചമയ്ക്കാതെ റൂമുകൾ വാടകയ്ക്ക് നൽകി

**കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, 2005 ചട്ടം 7.2 (1)-ാം ഉപചട്ടപ്രകാരമുള്ള ഓരോ ലൈസൻസും ആ കെട്ടിടമോ അതിലുള്ള മുറിയോ ഇടമോ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അത് കൊടുക്കേണ്ട സമയവും അതിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതും മേൽപ്പറഞ്ഞ പ്രകാരമുള്ള വ്യവസ്ഥകളും നിബന്ധനകളും ഉചിതമായ മൂല്യമുള്ള മുദ്രപത്രത്തിലുള്ള ഒരു കരാറിന്റെ രൂപത്തിൽ എഴുതിയുണ്ടാക്കിയതായിരിക്കേണ്ടതും ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫോറം III-ന് അനുയോജ്യമായിരിക്കേണ്ടതും ആണ്. എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട വാടക രജിസ്റ്ററും, വാടകയ്ക്ക് എടുത്ത ലൈസൻസികളുമായി ഏർപ്പെട്ട കരാർ ഉടമ്പടികളും പരിശോധിച്ചപ്പോൾ ചുവടെ പറയുന്നവരുമായി ഉടമ്പടിയിലേർപ്പെട്ടതിന്റെ കരാർ ഓഡിറ്റിന് ഹാജരാക്കിയില്ല.**

| ക്രമ നം. | ലൈസൻസി | കെട്ടിട നമ്പർ |
|---|---|---|
| 1. | എ.വി.സത്യൻ | XV/631 |
| 2. | അനിൽകുമാർ | XV/643 |
| 3. | മേഴ്സൺ | XV/178 |
| 4. | | XV/179 |
| 5. | | XV/182-187 |
| 6. | | XV/176 |
| 7. | | XV/173 |
| 8. | ഹരിദാസ് | XV/180 |
| 9. | | XV/181 |
| 10. | | XV/171 |
| 11. | രേഖ | XV/154 |
| 12. | നിർമ്മലചന്ദ്രൻ | XV/155 |
| 13. | ഗിരിജാകൃഷ്ണൻ | XV/156 |
| 14. | ഹയറാബി | XV/157 |
| 15. | സുനിത | XV/158 |
| 16 | സത്താർ കെ. എ | XV/172 |
| 17 | | XV/170 |
| 18 | | XV/175 |
| 19 | FFC | XV/160 |
| 20 | തൌഫീക്ക് . കെ എ | XV/646 |
| 21 | സ്മൃതി നിഷിൽ | XV/159 |
| 22 | ബിന്ദു രഘുനാഥൻ | XV/161 |
| 23 | ഓറിയോൺLED ഗ്രൂപ്പ് | XV/162 |
| 24 | ഷെറീന അഫ്സർ | XV/178A1 |
| 25 | | XV/178A2 |
| 26 | റാഫി എ. യു | XV/178A4 |
| 27 | | XV/178A5 |

വാടകക്ക് എടുത്തിട്ടുള്ള ലൈസൻസികളുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത കരാറുകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 6/30.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന റൂമുകൾ വാടകയ്ക്ക് എടുത്തവരുമായി കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടില്ലെന്ന് വ്യക്തമാണ്. ഇപ്രകാരം കരാർ ചമയ്ക്കാതെ നൽകിയ റൂമുകളിലെ ലൈസൻസികൾക്കെതിരെ ഏതെങ്കിലും സാഹചര്യത്തിൽ നടപടികളെടുക്കുമ്പോൾ

ആയതിന്റെ നിയമസാധുത പോലും ചോദ്യം ചെയ്യപ്പെടുന്നതായിരിക്കും. കൂടാതെ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മുറികൾ വാടകയ്ക്ക് നൽകുമ്പോൾ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 1-17 വാടക വർദ്ധനവ് വരുത്തിയില്ല

വാടക രജിസ്റ്റർ പരിശോധനയിൽ വാടകക്കാരിൽനിന്നും 2021-22 വർഷത്തെ വാടകയിൽ 5% വർദ്ധനവ് വരുത്തിയാണ് 2022-23 വർഷത്തിൽ വാടക ഈടാക്കിയിട്ടുള്ളത്. എന്നാൽ കെട്ടിട നം.15/641 വാടകയ്ക്ക് എടുത്തിരിക്കുന്ന കെ. എം. രാജേഷ്, കാട്ടുപ്പറമ്പിൽ എന്നവരിൽ നിന്നും 2021-22, 2022-23 എന്നീ വർഷങ്ങളിൽ ഒരേ വാടകതന്നെയാണ്(12015 രൂപ)ഈടാക്കിയിട്ടുള്ളത്, 5% വർദ്ധനവ് വരുത്തിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം. 6/30.11.2023). അപാകത സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന തുക ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-18 വാടക ഈടാക്കിയില്ല

വാടക രജിസ്റ്റർ പരിശോധനയിൽ താഴെപറയുന്ന വാടകക്കാരിൽ നിന്നും 2022-23 വർഷത്തിൽ വാടക അടവാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരൻ | കെട്ടിട നമ്പർ | മാസവാടക | വാടക അടവാക്കിയ വിവരം |
|---|---|---|---|---|
| 1 | മേഴ്സൺ | XV/178 | 354രൂപ | അടവാക്കിയിട്ടില്ല |
| 2 | | XV/179 | 354രൂപ | അടവാക്കിയിട്ടില്ല |
| 3 | | XV/182-187 | 1058രൂപ | 22/7/22 ന് 1058 രൂപ അടവാക്കിയിട്ടുണ്ട്. ബാക്കി തുകഅടവാക്കിയിട്ടില്ല |
| 4 | | XV/176 | 1764 രൂപ | 22/7/22 ന് 1764 രൂപ അടവാക്കിട്ടുണ്ട്. ബാക്കി തുകഅടവാക്കിയിട്ടില്ല |
| 5 | | XV/173 | 776രൂപ | 22/7/22 ന് 776രൂപ അടവാക്കിട്ടുണ്ട്.ബാക്കി തുകഅടവാക്കിയിട്ടില്ല |
| 6 | സത്താർ | XV/175 | 1722രൂപ | അടവാക്കിയിട്ടില്ല |
| 7 | ഹരിദാസ് | XV/180 | 368രൂപ | അടവാക്കിയിട്ടില്ല |
| 8 | | XV/181 | 368രൂപ | അടവാക്കിയിട്ടില്ല |
| 9 | | XV/171 | 1814രൂപ | 22/7/22 ന് 1814രൂപ അടവാക്കിയിട്ടുണ്ട്.ബാക്കി തുകഅടവാക്കിയിട്ടില്ല |
| 10 | രേഖ | XV/154 | 423രൂപ | അടവാക്കിയിട്ടില്ല |
| 11 | നിർമ്മലചന്ദ്രൻ | XV/155 | 423രൂപ | അടവാക്കിയിട്ടില്ല |
| 12 | ഗിരിജാകൃഷ്ണൻ | XV/156 | 423രൂപ | അടവാക്കിയിട്ടില്ല |
| 13 | ഹയറാബി | XV/157 | 417രൂപ | അടവാക്കിയിട്ടില്ല |
| 14 | സുനിത | XV/158 | 637രൂപ | അടവാക്കിയിട്ടില്ല |
| 15 | സത്താർ കെ. എ | XV/172 | 1814രൂപ | അടവാക്കിയിട്ടില്ല |
| 16 | | XV/170 | 1649രൂപ | അടവാക്കിയിട്ടില്ല |
| 17 | സ്മൃതി നിഷിൽ | XV/159 | 403രൂപ | അടവാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 18 | ബിന്ദു രഘുനാഥൻ | XV/161 | 423രൂപ | ഒക്ടോബർ മുതൽ മാർച്ച് വരെ യുള്ള വാടക അടവാക്കിയിട്ടില്ല |
| 19 | ഓറിയോൺLED ഗ്രൂപ്പ് | XV/162 | 423രൂപ | ജൂൺ മുതൽ മാർച്ച് വരെ യുള്ള വാടക അടവാക്കിയിട്ടില്ല |
| 20 | ഷെറീന അഫ്സർ | XV/178A1 | 958രൂപ | ജൂലൈ മുതൽ മാർച്ച് വരെ യുള്ള വാടക അടവാക്കിയിട്ടില്ല |
| 21 | ഷെറീന അഫ്സർ | XV/178A2 | 534രൂപ | ജൂലൈ മുതൽ മാർച്ച് വരെ യുള്ള വാടക അടവാക്കിയിട്ടില്ല |
| 22 | റാഫി എ. യു | XV/178A4 | 158രൂപ | ജൂലൈ മുതൽ മാർച്ച് വരെ യുള്ള വാടക അടവാക്കിയിട്ടില്ല |
| 23 | | XV/178A5 | 158രൂപ | ജൂലൈ മുതൽ മാർച്ച് വരെ യുള്ള വാടക അടവാക്കിയിട്ടില്ല |

1998 ലെ കേരള പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങൾ ചട്ടം 4 (1) പ്രകാരം സാംക്രമിക രോഗം, ലഹള എന്നിങ്ങനെയുള്ള അപ്രതീക്ഷിതവും മനുഷ്യനിയന്ത്രണത്തിന് അതീതമായ കാരണങ്ങളാലും കരാറുകാരന് കരാർ വ്യവസ്ഥ പ്രകാരമുള്ള കാര്യങ്ങൾ നടത്തുന്നതിന് തടസ്സം നേരിട്ട് നഷ്ടം ഉണ്ടായതായി പഞ്ചായത്തിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും അല്ലാതെ കരാർ തുകയിൽ യാതൊരു കിഴിവും അനുവദിക്കാൻ പാടുള്ളതല്ല. ചട്ടം 5 (1) പ്രകാരം കിഴിവിന് അർഹതയുള്ള കരാറുകാരൻ അതിനുള്ള കാരണം വിശദമാക്കുന്ന അപേക്ഷ പഞ്ചായത്തിന് സമർപ്പിക്കേണ്ടതും (4) പ്രകാരം പതിനായിരം രൂപയ്ക്ക് മേൽ കിഴിവനുവദിക്കുന്നതിന് മുൻപ് പഞ്ചായത്ത് സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതുമാണ്. വാടക ഈടാക്കാതിരുന്നതിന്റെ കാരണം ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നം. 6/30.11.2023). വാടകയിനത്തിൽ ഈടാക്കാതിരുന്ന തുക ബാധകമായ ജി.എസ്.ടി, പിഴപ്പലിശ എന്നിവ സഹിതം ഈടാക്കേണ്ടതും രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**1-19 വാടക ബൈലോ - അംഗീകാരം നേടേണ്ടതാണ്**

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ സർക്കാരിന്റെ അംഗീകാരം നേടിയതായി കാണുന്നില്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 3(5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നേടേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.5/29.11.2023).

**1-20 ലേലം -അപാകങ്ങൾ**

1)ലേലരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2022-23 വർഷത്തിൽ ലേലം ഇനത്തിൽ റസീപ്റ്റ് &പെയ്മെന്റ് ഷെഡ്യൂൾ RP-5 Sale & Hire Charges (R) പ്രകാരം 173348 രൂപയുടെ വരവുണ്ട്. ലേലവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല (ഓഡിറ്റ് അന്വേഷണം നമ്പർ 4/29.11.2023) ലേലവിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2)കാട്ടിക്കരക്കുന്ന് കമ്മ്യൂണിറ്റി ഹാളിലെ ഉപയോഗശൂന്യമായ തകരഷീറ്റ്, ആസ്ബസ്റ്റോസ്, 12 ാം വാർഡിലെ കിണറിന്റെ ഗ്രിൽ,11 ാം വാർഡിലെ പൊതുകിണർ അറ്റകുറ്റപണിയുമായി ബന്ധപ്പെട്ട വെൽകവർ ,സ്ലാടികകളും വൃത്തിയാക്കലിൽ ബാക്കി വന്ന 2200$M^3$ SILT എന്നിവയുടെ ലേലങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ/ലേലഡയറി പരിശോധനയ്ക്ക് ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നമ്പർ 21/5.12.2023). മേൽ സൂചിപ്പിച്ച ലേലങ്ങളുടെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-21 മാള പ്രസ് ക്ലബ്-വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

മാള ഗ്രാമപഞ്ചായത്തിൽ പതിനഞ്ചാം വാർഡിൽ നിർമ്മിച്ചിട്ടുള്ള മാള ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വില്ലേജ് ഹട്ട് കെട്ടിടത്തിലെ ഒന്നാം നിലയിലെ ഹാളും, ഒരു മുറിയും (XV/155E, 155F) മാള പ്രസ് ക്ലബിന് വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-31 ൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. ഭീമമായ വാടക കുടിശ്ശിക വരുത്തിയിട്ടും പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കാനോ, ലേലം നടത്തി മറ്റൊരു സ്ഥാപനത്തിന് കെട്ടിടം വാടകയ്ക്ക് നൽകാനോ പഞ്ചായത്ത് യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ല.

മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറി മാള പ്രസ് ക്ലബ് പ്രസിഡന്റിന് അയച്ച 22/3/2023 ലെ C-23/2018നമ്പർ കത്തിൽ പ്രസ് ക്ലബിന്റെ വാടക ഒഴിവാക്കി കിട്ടുന്നതിന് സർക്കാർ അംഗീകാരത്തിന് അപേക്ഷിച്ചിരുന്നെങ്കിലും അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ 9100 രൂപ പ്രതിമാസ വാടകയും 18% ജി.എസ്.ടി യും ആണ്ടിനാൽ 5% വർദ്ധനവും പ്രതിമാസം 1.5% പിഴപ്പലിശയും അടക്കം 430764 രൂപ ഏഴ് ദിവസത്തിനകം അടവാക്കാൻ ആവശ്യപ്പെടുകയും അല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടിവിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല.

1/8/2023 ൽ മാള പഞ്ചായത്ത് സെക്രട്ടറി തദ്ദേശ സ്വയംഭരണവകുപ്പ് അസിസ്റ്റന്റ് ഡയറക്ടർക്ക് അയച്ച 400742/RMLR01/General Administration *2023/7*99(2)/1 നമ്പർ കത്തിൽ വാടക കരട് ബൈലോ 27/2/23 ലെ 15(1) നമ്പർ തീരുമാനപ്രകാരം പ്രസിദ്ധീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നും ആയത് ആക്ഷേപങ്ങൾ ക്ഷണിച്ച് അന്തിമമാക്കി അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം ലഭ്യമാക്കി പഞ്ചായത്ത് ഡയറക്ടറുടെ അനുമതിക്കായി സമർപ്പിക്കുന്നതാണെന്നും 2022-23 വരെയുള്ള പ്രസ് ക്ലബിന്റെ വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ബൈലോക്ക് അംഗീകാരം ലഭ്യമായതിന്റെ വിവരം,റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ആയവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല(ഓഡിറ്റ് അന്വേഷണം നം 15/4.12.23).

വാടകയ്ക്ക് നൽകി ആദ്യ കാലയളവിൽത്തന്നെ വാടക അടയ്ക്കാൻ തയ്യാറാകാത്ത സ്ഥാപനത്തെ തുടർന്നും പ്രസ്തുത കെട്ടിടത്തിൽ തുടരാൻ അനുവദിച്ചത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി കണക്കാക്കാവുന്നതാണ്. വാടകയിനത്തിൽ ഭീമമായ കുടിശ്ശിക വരുത്തിയ പ്രസ് ക്ലബ്, മാളയ്ക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുമെന്ന് മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറി മാള പ്രസ് ക്ലബ് പ്രസിഡന്റിന് അയച്ച 22/3/2023 ലെ C-23/2018 നമ്പർകത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും നടപടി സ്വീകരിച്ചതായി കാണുന്നില്ല. റവന്യൂ റിക്കവറി നടപടി സ്വീകരിച്ചാൽപോലും സർക്കാർ അംഗീകൃത ബൈലോയുടെ അഭാവവും, വാടകക്കാരനുമായി ഏർപ്പെടേണ്ട കരാർ ഉടമ്പടി ചമയ്ക്കാതിരുന്നതും വാടകക്കാരനെതിരെ സ്വീകരിക്കുന്ന നടപടിയുടെ നിയമസാധുതയെ ബാധിക്കാൻ സാധ്യതയുണ്ട്. എന്നിരുന്നാലും പ്രസ്തുത തുക റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് അടിയന്തിരമായി ഈടാക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും വാടക കുടിശ്ശിക തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. റവന്യൂ റിക്കവറി നടപടികളിലൂടെ നഷ്ടതുകയായ 430764 രൂപ ഈടാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായാൽ ഈ തുക കരാർ വെക്കാത്ത കാരണത്തിലും ഈടാക്കാൻ നടപടികൾ സ്വീകരിക്കാത്ത കാരണത്താലും പ്രസ്തുത കാലയളവിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-22 അനധികൃത നിർമ്മാണങ്ങൾ -തുടർനടപടി സ്വീകരിച്ചില്ല

1)വർഗ്ഗീസ് മാടപ്പിള്ളി എന്നവരുടെ ഉടമസ്ഥതയിലുള്ള യുണൈറ്റഡ് ഏജൻസീസ് എന്ന സ്ഥാപനം സ്ഥിതിചെയ്യുന്ന (കെട്ടിടം നം.5/83) കെട്ടിടത്തിന്റെ മുൻവശം കേരള പഞ്ചായത്ത്രാജ് കെട്ടിടനിർമ്മാണ

ചട്ടങ്ങൾ, 2019 ചട്ടം 23 പ്രകാരമുള്ള സെറ്റ് ബാക്കുകൾ നല്കാതെ മുഴുവനായും അടച്ചുകെട്ടുകയും കെട്ടിടത്തിന്റെ പിൻഭാഗത്ത് 4.2 മീറ്റർ നീളത്തിൽ കൂട്ടിച്ചേർക്കലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ചട്ടം 4 ന് വിരുദ്ധമായി പെർമിറ്റ് എടുക്കാതെയാണ് നിർമ്മാണം നടത്തിയിരിക്കുന്നതെന്നും അനധികൃത നിർമ്മാണം പൊളിച്ച് നീക്കേണ്ടതാണെന്നും പെർമിറ്റ് എടുക്കാതെ നിർമ്മോണം നടത്തുന്നഭാഗം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ നൽകണമെന്നും 25/7/22ലെ നോട്ടീസിലൂടെ ഉടമസ്ഥനെ അറിയിച്ചിട്ടുണ്ട് (നോട്ടീസ് നം.400742/BADD01/GENERAL ADMINISTRATION/2022/2089/(1)). കൂടാതെ വർഗ്ഗീസ് മാടപ്പിള്ളി എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടമായ 4/32 ന് അസ്സസ്സ്മെന്റ് രജിസ്റ്ററിൽ കാണുന്ന ഏരിയയിൽ കൂടുതൽ നിർമ്മാണം പ്ലോട്ടിൽ കാണാൻസാധിച്ചതായും തൊട്ടടുത്ത കെട്ടിടത്തോട് ചേർന്ന് നിർമ്മാണം നടത്തിയിരിക്കുന്നതായും അസ്സസ്സ്മെന്റ് രജിസ്റ്ററിൽ വാണിജ്യഗണത്തിൽ ഉൾപ്പെട്ട ടി കെട്ടിടം (കെട്ടിട നം.4/32) നിലവിൽ G1 ഗണത്തിലാണ് പ്രവർത്തിക്കുന്നതെന്നും പ്രസ്തുത നിർമ്മാണം ക്രമവല്ക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കണമെന്നും 25/7/22 ലെ നോട്ടീസിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ഏഴ് ദിവസങ്ങൾക്കുള്ളിൽ അറിയിക്കണമെന്നും അല്ലാത്തപക്ഷം അനധികൃത നിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത് നിയമം, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 എന്നിവ പ്രകാരം നടപടി സ്വീകരിക്കുന്നതാണെന്നും നോട്ടീസിൽ സൂചിപ്പിച്ചിരുന്നുവെങ്കിലും ഓഡിറ്റ് തീയതി വരെ അനധികൃത നിർമ്മാണം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല (ഓഡിറ്റ് അന്വേഷണം നം. 14/4.12.2023). വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഫീൽഡ് സർവെ നടത്തി കെട്ടിടത്തിന്റെ അളവുകൾ എടുത്തിട്ടുള്ളതായും കെട്ടിടം ക്രമവല്ക്കരിക്കുന്നതിനും നിർമ്മാണം നടത്തിയ കാലം മുതലുള്ള വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്ലോട്ടിൽ സാങ്കേതിക വിഭാഗം സ്ഥല പരിശോധന നടത്തി കൂടുതലായി നിർമ്മിച്ചിട്ടുള്ള അനധികൃത കെട്ടിട നിർമ്മാണങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി, തുടർനടപടികൾ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2)23.3.2023 ലെ 400742/BADD01/General Administration/2023/1701/(1) നമ്പർ നോട്ടീസ് പ്രകാരം അഷ്ടമിച്ചിറ സർവീസ് സഹകരണ ബാങ്കിന്റെ കോമ്പൗണ്ടിനുള്ളിൽ പഴം പച്ചക്കറി വില്പന നടത്തുന്ന കെട്ടിടം PWD റോഡിനോട് ചേർന്ന് KPBR പാലിക്കാതെ അനധികൃതമായി പ്രവർത്തിക്കുന്നത് കാണുവാൻ സാധിച്ചുവെന്നും, അനധികൃത നിർമ്മാണം പൊളിച്ചുനീക്കി ചട്ടങ്ങൾ പാലിച്ചുകൊണ്ട് കെട്ടിടം ക്രമവല്ക്കരിക്കുന്നതിനാവശ്യമായ നടപടികൾ 15 ദിവസങ്ങൾക്കുള്ളിൽ ചെയ്യേണ്ടതാണെന്നും അല്ലാത്തപക്ഷം കേരള പഞ്ചായത്ത് രാജ്, കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ എന്നിവ പ്രകാരം നടപടി സ്വീകരിക്കുന്നതാണെന്നും അഷ്ടമിച്ചിറ സർവീസ് സഹകരണ ബാങ്ക് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടി വിവരങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമായ മറുപടിയിൽ പ്രസ്തുത നിർമ്മാണം താൽക്കാലികമാണെന്നും ആയത് പൊളിച്ച് നീക്കുന്നതിന് സാവകാശം അനുവദിക്കണമെന്നും സ്ഥാപനം ആവശ്യപ്പെടുകയും പിന്നീട് ടി നിർമ്മാണം പൊളിച്ച് നീക്കിയിട്ടുള്ളതാണെന്നും സൂചിപ്പിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.30/5.12.2023). എന്നാൽ നിലവിലും ടി കെട്ടിടം അഷ്ടമിച്ചിറ സർവീസ് സഹകരണ ബാങ്കിന്റെ കോമ്പൗണ്ടിനുള്ളിൽ പ്രവർത്തിക്കുന്നുണ്ടെന്ന് കണ്ടു ബോധ്യപ്പെട്ടിട്ടുള്ളതാണ്.

അതിനാൽ ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ OP/576/2023 ആയി പരാതി നിലനിൽക്കുന്നതും ബഹു. ഹൈക്കോടതി മുമ്പാകെ അഷ്ടമിച്ചിറ സർവീസ് സഹകരണ ബാങ്ക് WP(C)-34701/23 പ്രകാരം സ്റ്റേ ഓർഡർ വാങ്ങിയിട്ടുള്ളതുമാണെന്ന് മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായില്ല. അനധികൃത കെട്ടിടത്തെ സംബന്ധിച്ച ഓംബുഡ്സ്മാൻ മുമ്പാകെയുള്ള പരാതി, സ്റ്റേ ഓർഡർ, ഇതുമായി ബന്ധപ്പെട്ട കത്തുകൾ, തുടർ നടപടി വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-23 മെറ്റീരിയൽ റിക്കവറി സെന്റർ നിർമാണം-നിജസ്ഥിതി ലഭ്യമായില്ല**

ഗ്രാമപഞ്ചായത്തിലെ വടമ വില്ലേജിലെ 556 സർവ്വേ നമ്പറിലുൾപ്പെട്ട സ്ഥലം CRZ പരിധിയിൽ ഉൾപ്പെട്ടതാണ്. 2019 ലെ കോസ്റ്റൽ റെഗുലേഷൻ സോൺ നോട്ടിഫിക്കേഷനിലെ ഖണ്ഡിക 5.3 അനുസരിച്ച് നോൺ ഡെവലപ്പ്മെന്റ് ഏരിയയിൽ 50 മീറ്റർപരിധിയിൽ നിർമാണപ്രവർത്തനങ്ങൾ പാടുള്ളതല്ല. അനിവാര്യമായ നിർമാണപ്രവർത്തനങ്ങൾ നടത്തുന്നതിന് മുമ്പേ തീരദേശനിയന്ത്രിതമേഖലാ പരിപാലനസമിതിയുടെ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ തീരദേശ നിയന്ത്രിതമേഖലാ പരിപാലനസമിതിയുടെ

അനുവാദം വാങ്ങാതെയാണ് മേൽപറഞ്ഞ സർവ്വേ നമ്പറിൽ ഉൾപ്പെട്ട സ്ഥലത്ത് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മെറ്റീരിയൽ റിക്കവറി സെന്ററിന്റെ നിർമാണം 2021-22 വർഷത്തിൽ നടത്തിയിരിക്കുന്നത്. വിശദവിവരങ്ങൾ മെറ്റീരിയൽ റിക്കവറി സെന്റർ നിർമാണം-തീരദേശനിയന്ത്രിത മേഖലാപരിപാലനസമിതിയിൽ നിന്നും അനുവാദം വാങ്ങാതെയുള്ള നിർമാണം എന്ന തലക്കെട്ടിൽ 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-48 ആയി ചേർത്തിട്ടുണ്ട്.

17/6/22-ന് കേരള കോസ്റ്റൽ സോൺ അതോറിറ്റി പുറപ്പെടുവിച്ച 048/ENV/2006/CZMA നമ്പർ സർക്കുലർ അനുസരിച്ച് തീരദേശപരിപാലന നിർദ്ദേശങ്ങൾ ലംഘിക്കുന്നത് തടയേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മെറ്റീരിയൽ റിക്കവറി സെന്റർ നിർമ്മാണം സംബന്ധിച്ച പ്രവൃത്തി സൂചിപ്പിക്കുന്നത് പ്രസ്തുത നിർദേശങ്ങൾ ഗ്രാമപഞ്ചായത്ത് ലംഘിച്ചു എന്നാണ്.

മെറ്റീരിയൽ റിക്കവറി സെന്റർ നിർമാണത്തിന്റെ നിലവിലെ അവസ്ഥയും വിവരങ്ങളും പരിശോധിക്കുന്നതിനായി ആവശ്യപ്പെട്ട രേഖകൾ/ഫയൽ ഓഡിറ്റിൽ ഹാജരാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1)മെറ്റീരിയൽ റിക്കവറി സെന്റർ നിർമാണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സൂക്ഷിക്കുന്ന ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം.34-5/12/2023). അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭ്യമാക്കിയ ഫയലിൽ 11/4/22 ൽ അസി. എൻജിനീയർ ട്രസ് വർക്ക് നിർമാണം നടത്തിയ കെട്ടിടം ക്രമവൽകരിക്കുന്നതിനായി കോസ്റ്റൽ റെഗുലേറ്ററി സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് കത്ത് നൽകാം എന്ന് നിർദേശിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കു കത്ത് നൽകിയെങ്കിലും ആയതിന്റെ തുടർനടപടിവിവരം ലഭ്യമല്ല.

2)ശ്രീ. അനിൽകുമാർ ടി. എ എന്നവർ സമർപ്പിച്ച പരാതിയിൽ സൂചനയായി ചേർത്ത തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 22.10.23ലെ RD 2/440/2022 ത.സ്വ.ഭ.വ കത്തിൽ മെറ്റീരിയൽ റിക്കവറി സെന്റർ നിർമാണത്തിന് CRZ Norms ലംഘിച്ചുകൊണ്ട് പെർമിറ്റ് അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടിവിവരങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിനും മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.16/4.12.2023).

മേൽ സൂചിപ്പിച്ച പരാമർശങ്ങൾക്കും അപാകതകൾക്കും വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-24 ബാദ്ധ്യത തുകകൾ വിനിയോഗിച്ചിട്ടില്ല

എ) വാർഷികകണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 പ്രകാരം 31.3.2023 ൽ ചെലവഴിക്കുവാൻ അവശേഷിക്കുന്ന ഫണ്ടുകളുടെ വിശദാംശംതാഴെ ചേർക്കുന്നു.

1.320100153 PYKA -47800 രൂ

2.320100160 Rural Housing For All-611234രൂ

3.320100181 Total Sanitation -3661558രൂ

4.320100194 Library Grant -9945രൂ

5.320100195 Fund For Epidemic Control -52850 രൂ

6.320100196 ICDS Central Share -1008923രൂ

7.320100197 Literacy Scheme Grant -161485രൂ

8.320100198 Suchitwa Mission Fund -625000രൂ

9.320300102 - Jalanidhi -807778രൂ

10. 320300103 - Total Sanitation -815000രൂ

11.320700105 District Panchayath Share Capital -25376രൂ

12.320700204 Block Panchayath Share (Revenue Expenditure)-1374762രൂ

13. 320700205 District Panchayath Share (Revenue Expenditure) -422380രൂ

14. 320900102 Donation For Pandemic Control -6000രൂ

മേൽ തുകകൾ ഏത് തീയതിയിൽ ഏത് ആവശ്യത്തിനായി ലഭ്യമാക്കി എന്നതാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -12/01.12.2023 ന് മറുപടി ലഭ്യമാക്കിയില്ല. 320100999-എന്ന ഹെഡ്ഡിലെ 59384രൂ ഏതിനത്തിലാണെന്നതിനും മറുപടി നൽകിയില്ല. വിവിധ സ്രോതസ്സിൽ നിന്ന് ലഭ്യമാക്കിയ തുകകൾ അവ ലഭ്യമാക്കിയ ആവശ്യത്തിലേക്കായി വിനിയോഗിക്കേണ്ടതും അല്ലാത്ത പക്ഷം ലഭ്യമാക്കിയ സ്രോതസ്സിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്.

ബി)ബാലൻസ് ഷീറ്റ് ബി-9 ലെ ലയബിലിറ്റി ഹെഡ്ഡിൽ -350410201 ലെ 3906076.00 രൂപ ജലനിധി വാട്ടർ ചാർജ്ജ് എന്നാണ് ലെഡ്ജർ വിശദാംശങ്ങളിൽ കാണുന്നത്. പ്രസ്തുത തുക സംബന്ധിച്ച വിവരവും, 350800199 ലെ 325812.00 രൂപ ഏതിനത്തിലെ ലയബിലിറ്റി ആണെന്ന വിവരവും ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-29/5.12.23 ന് മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-25 എസ്.എസ്.കെ വിഹിതം നൽകൽ വിനിയോഗ വിവരം ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്

പ്രൊജക്ട് നമ്പർ-162/23

എസ്.എസ്.കെ വിഹിതം നൽകൽ

ഫണ്ടിനം-വികസന ഫണ്ട് ജനറൽ

അടങ്കൽ /ചെലവ് -800000രൂ

വൗച്ചർ നമ്പർ-42201342/25.8.2022-800000രൂ

ഓഡിറ്റ് എൻക്വയറി നമ്പർ-10/30.11.2023

എസ്.എസ്.കെ-ക്ക് വിഹിതം നൽകൽ എന്ന പ്രൊജക്ട് പ്രകാരം 800000രൂ ജില്ല പ്രൊജക്ട് കോ ഓർഡിനേറ്റർ, തൃശ്ശൂരിന് നൽകി. ആയതിന്റെ വിനിയോഗ വിവരം ഫയലിൽ ഇല്ല.സ.ഉ (കൈ)84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖ.8.6.4 പ്രകാരം സമഗ്ര ശിക്ഷ കേരളം ഓരോ സ്കൂളുകളിലും നടത്തുന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ എന്തൊക്കെയാണെന്ന് അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ പ്രൊജക്ട് ഓഫീസർ അറിയിക്കേണ്ടതാണ്. വിവരം ലഭ്യമായിട്ടുണ്ടെങ്കിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. വിനിയോഗ വിവരം, ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 നഴ്സറി സ്കൂൾ ജി.എം.എൽ.പി.എസ് കസേര,മേശ വാങ്ങൽ ഉത്തരവ് പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്

പ്രൊജക്ട് നമ്പർ-182/23

കസേര, മേശ നഴ്സറി സ്കൂൾ ജി.എം.എൽ.പി.എസ് മാള

ഫണ്ടിനം-മെയിന്റനൻസ് നോൺറോഡ്

അടങ്കൽ-100000രൂ

ചെലവ്-100000രൂ

വൗച്ചർ നമ്പർ-42201522/27.3.23-100000രൂ

മേൽ പ്രൊജക്ടിൽ ജി.എം.എൽ.പി.എസ് മാള നഴ്സറി സ്കൂളിന് 14 എണ്ണം കസേര, മേശ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. ആർട്കോ തൃശ്ശൂർ നിന്ന് ഇൻവോയ്സ് നമ്പർ- TSR-537/17.3.2023 പ്രകാരം കംബൈൻഡ് ബെഞ്ച് ആന്റ് ഡസ്ക് വിത്ത് ഷെൽഫ് ആണ് വാങ്ങിയത്. ഒന്നിന് 7082 രൂ ആണ് വില നൽകിയിട്ടുള്ളത്. ആർട്കോയിൽ നിന്ന് (അക്രഡിറ്റഡ് ഏജൻസികളിൽ നിന്നാണ് ക്വട്ടേഷൻ മുഖേന) ആണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ജി.ഒ(ആർ.ടി)നമ്പർ-7//22/SPD/2.2.2022 ഉത്തരവ് പ്രകാരമാണ് ആർട്കോയിൽ നിന്ന്

നേരിട്ട് വാങ്ങൽ നടത്തുന്നതിന് അനുമതി നൽകിയിരിക്കുന്നത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ നേരിട്ട് വാങ്ങാവുന്നതല്ല. മേൽ ഉത്തരവിലെ ഖണ്ഡിക 3 പ്രകാരം ജി.ഒ(ആർ.ടി)നമ്പർ-4/18/SPD/2.2.2018 ഉത്തരവിന്റെ അനുബന്ധമായ പ്രൈസ് ലിസ്റ്റ് പ്രകാരമാണ് വാങ്ങലുകൾ നേരിട്ട് നടത്തേണ്ടത്. സ്പെസിഫിക്കേഷൻ, വില എന്നിവ പരിശോധിച്ചതിൽ മേൽ പ്രൊജക്ടുകൾ പ്രകാരം വാങ്ങിയ മേശയും കസേരയും പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട് കാണുന്നില്ല. വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ ഉത്തരവ് പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-27 എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും സർക്കാർ ഉത്തരവ് പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്
പ്രൊജക്ട് നമ്പർ-163/23
എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും

അടങ്കൽ-400000രൂ

ചെലവ്-354050/-

വൗച്ചർ നമ്പർ-42201534/28.3.2023-354050/-

ഫണ്ടിനം –വികസനഫണ്ട് എസ്.സി.പി

എ) ആർട്കോ തൃശ്ശൂർ നിന്ന് ഇൻവോയ്സ് നമ്പർ- TSR-381/22.2.2023 പ്രകാരം 73 മേശ, കസേര എന്നിവ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. സ്റ്റീൽ കസേര1135 രൂപ നിരക്കിലും മേശ (Made Up Of Prelaminated Particle Board) 3715 രൂപ നിരക്കിലുമാണ് വാങ്ങിയിരിക്കുന്നത്. സ.ഉ(കൈ)നം 115/2022ത.സ്വ.ഭ.വ തീയതി.28.05.2022 ഖ.7.2.6. 5000രൂപ പരിധിയിൽ സ്റ്റീൽ/മരം ഉപയോഗിച്ച് നിർമ്മിച്ച മേശ, കസേര എന്നിവയാണ് വാങ്ങി നൽകാവുന്നത്. ഇതിനു വിരുദ്ധമായി Prelaminated Particle Board ഉപയോഗിച്ച് നിർമ്മിച്ച മേശ വാങ്ങിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ ജി.ഒ(ആർ.ടി)നമ്പർ-7//22/SPD/2.2.2022 ഉത്തരവ് പ്രകാരമാണ് ആർട്കോയിൽ നിന്ന് നേരിട്ട് വാങ്ങൽ നടത്തുന്നതിന് അനുമതി നൽകിയിരിക്കുന്നത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ നേരിട്ട് വാങ്ങാവുന്നതല്ല. മേൽ ഉത്തരവിലെ ഖണ്ഡിക 3 പ്രകാരം ജി.ഒ(ആർ.ടി)നമ്പർ-4/18/SPD/2.2.2018 ഉത്തരവിന്റെ അനുബന്ധമായ പ്രൈസ് ലിസ്റ്റ് പ്രകാരമാണ് വാങ്ങലുകൾ നേരിട്ട് നടത്തേണ്ടത്. സ്പെസിഫിക്കേഷൻ, വില എന്നിവ പരിശോധിച്ചതിൽ മേൽ പ്രൊജക്ട് പ്രകാരം വാങ്ങിയ മേശയും കസേരയും പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട് കാണുന്നില്ല. സർക്കാർ ഉത്തരവ് പ്രകാരം വാങ്ങൽ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ബി) പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ഋതു നന്ദ എം. ബി, മേലേപ്പുര, മാള എന്ന വിദ്യാർത്ഥിനിയുടെ റേഷൻകാർഡ്, ആധാർകാർഡ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം അഡ്രസ്സ് കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി പരിധിയിലേതാണ്. D/o. ബിജു എം. എസ്, മേലേപ്പുര ഹൗസ്, പുല്ലൂറ്റ്, കൊടുങ്ങല്ലൂർ എന്നാണ് മേൽ വിലാസം രേഖപ്പെടുത്തിയിട്ടുള്ളത്. അതിനാൽ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ നിന്ന് മേശ,കസേര എന്നിവ കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ-11/01.12.2023) രേഖ ഹാജരാക്കുന്നതുവരെ ടി വ്യക്തിക്ക് നൽകിയ മേശ,കസേര എന്നിവയുടെ വില 4850 രൂപ (3715+1135) തടസ്സപ്പെടുത്തുന്നു.

## 1-28 പാലിയേറ്റീവ് പ്രൊജക്ട് മാർഗ്ഗരേഖ ഉത്തരവ് പാലിച്ചില്ല

പ്രൊജക്ട് നമ്പർ-2/23

നിർവ്വഹണ ഉദ്യോഗസ്ഥ-സൂപ്രണ്ട് സി.എച്ച്.സി

തിരി നാളം സാന്ത്വന പരിചരണ പരിപാടി

ഫണ്ടിനം – വികസന ഫണ്ട് ജനറൽ

അടങ്കൽ &ചെലവ് -638735

| ക്രമ നം. | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|
| 1 | 42201330/24-05-2022 | 30,990.00 |

| | | |
|---|---|---|
| 2 | 42201331/07-06-2022 | 32,130.00 |
| 3 | 42201334/08-07-2022 | 31,290.00 |
| 4 | 42201335/08-07-2022 | 5,760.00 |
| 5 | 42201337/08-08-2022 | 31,590.00 |
| 6 | 42201344/05-09-2022 | 31410.00 |
| 7 | 42201350/11-10-2022 | 31410.00 |
| 8 | 42201357/09-11-2022 | 31830.00 |
| 9 | 42201382/07-12-2022 | 32,490.00 |
| 10 | 42201386/14-12-2022 | 94500.00 |
| 11 | 42201420/11-01-2023 | 33,990.00 |
| 12 | 42201451/14-02-2023 | 31830.00 |
| 13 | 42201452/14-02-2023 | 15900.00 |
| 14 | 42201468/6.3.2023 | 79,875.00 |
| 15 | 42201472/8.3.2023 | 31,710.00 |
| 16 | 42201512/25-03-2023 | 19,980.00 |
| 17 | 42201513/25-03-2023 | 32850.00 |
| 18 | 42201533/28-03-2023 | 39,200.00 |

പാലിയേറ്റീവ് മാർഗ്ഗരേഖ ഉത്തരവ് സ.ഉ(സാധാ) നം.553/2019/ത.സ്വ.ഭ.വ തീ.7.3.2019 ഖ2.4.1(1) പ്രകാരം ആഴ്ചയിൽ 4 ദിവസമെങ്കിലും കാലത്ത് 9.30 മുതൽ വൈകീട്ട് 4.30 വരെ 8 രോഗികളെ കാണാനാവുന്ന വിധത്തിൽ ഹോംകെയർ സന്ദർശനങ്ങൾ ക്രമപ്പെടുത്തേണ്ടതാണ്. എന്നാൽ 4/22 മുതൽ11/22 വരെയുള്ള മാസങ്ങളിൽ രാവിലെ 9.30 മുതൽ 2.00 മണി വരെയാണ് (മാക്സിമം) ഹോംകെയർ നടത്തിയിരിക്കുന്നത്. ശരാശരി 5 രോഗികളെ മാത്രമാണ് ഒരു ദിവസം കാണുന്നത്. ആഴ്ചയിൽ 3 ഹോംകെയർ ആണ് നടത്തിയിരിക്കുന്നത്. ഉദാഹരണമായി 4/22 ലെ ഹോം കെയർ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തീയതി | സമയം | പരിശോധിച്ച രോഗികളുടെ എണ്ണം |
|---|---|---|
| 1.4.2022 | 9.30 Am-2pm | 6 |
| 5.4.2022 | 9.30am -1.45pm | 5 |
| 6.4.2022 | 9.30 Am-1pm | 5 |
| 7.4.2022 | 9.30am -1.30pm | 6 |
| 12.4.2022 | 9.30am -1pm | 6 |
| 13.4.2022 | 9.30am -1pm | 5 |
| 18.4.2022 | 9.30 Am-2pm | 6 |
| 20.4.2022 | 9.30 Am-1pm | 5 |
| 23.4.2022 | 9.30am -2pm | 8 |
| 27.4.2022 | 9.30 Am-2pm | 11 |
| 28.4.2022 | 9.30am -1pm | 6 |

| | | |
|---|---|---|
| 29.4.2022 | 9.30 Am-1.30pm | 5 |

ഉത്തരവിനു വിരുദ്ധമായി പ്രൊജക്ട് നടപ്പാക്കിയതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-22/05.12.2023) മറുപടി ലഭ്യമാക്കിയില്ല. പാലിയേറ്റീവ് മാർഗ്ഗരേഖ ഉത്തരവിൽ ആഴ്ചയിൽ 4 ദിവസമെങ്കിലും കാലത്ത് 9.30 മുതൽ വൈകീട്ട് 4.30 വരെ 8 രോഗികളെ കാണുന്നതിനുള്ള വിധത്തിൽ ഹോംകെയർ നടത്തുന്നതിനുള്ള വേതനം/ഭക്ഷണ ചെലവ് ആണ് പ്രതിപാദിച്ചിരിക്കുന്നത്. ഡ്രൈവർക്ക് 900 രൂപ നിരക്കിലും ഭക്ഷണ ചെലവും പാലിയേറ്റീവ് നഴ്സിനുള്ള വേതനവും (18030രൂപ പ്രതിമാസം) ഈ മാസങ്ങളിൽ കൈപ്പറ്റിയിട്ടുണ്ട്. 2022-23 ലെ മിനിട്സ് പ്രകാരം പി എം സി ഒരു തവണ മാത്രമാണ് കൂടിയിട്ടുള്ളത് (30.1.2023). പാലിയേറ്റീവ് പ്രൊജക്ടിന്റെ നടത്തിപ്പ് വിലയിരുത്തുന്നതിനുള്ള പ്രസ്തുത കമ്മറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്നാണ് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്നത്. മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് പ്രൊജക്ട് നടപ്പിലാക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-29 ഉത്തരവിനു വിരുദ്ധമായി വാങ്ങൽ നടത്തി

നിർവ്വഹണ ഉദ്യോഗസ്ഥ-സൂപ്രണ്ട് സി.എച്ച്.സി

ഫണ്ട് -ഹെൽത്ത് ഗ്രാന്റ്

അടങ്കൽ 248863/-

ചെലവ് -246224/-

വൗച്ചർ നമ്പർ-42201180/27.3.23-21720

വൗച്ചർ നമ്പർ-42201178/27.3.23-224504

പ്രൊജക്ട് നമ്പർ 194/23 കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്ക് സാമഗ്രികൾ വാങ്ങൽ പദ്ധതിയിൽ ടെണ്ടർ മുഖേന 6 എണ്ണം വാട്ടർ പ്യൂരിഫയർ വാങ്ങി (ഇൻവോയ്സ് നം-0169/22.2.23 ഹോംകെയർ വാട്ടർ പ്യൂരിഫയർ, കളമശ്ശേരി-64800രൂ) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട് .ജി ഒ(പി)7/2019/SPD/26.4.19 പ്രകാരം 25000 രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ജെം മുഖേന നടത്തേണ്ടതാണ്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി വാങ്ങൽ നടത്തിയതിന് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-30/5.12.23 ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ഹഡ്കോ ലോൺ - ഇല്ലാത്ത വായ്പക്ക് സ്രോതസ്സിൽ നിന്ന് എസ് സി വിഹിതം കുറവ് ചെയ്തു

ഹഡ്കോ ലോൺ രജിസ്റ്റർ പരിശോധിച്ചതിൽ ലോൺ തിരിച്ചടവ് ഇനത്തിൽ എസ് സി ഫണ്ടിൽ നിന്ന് 2019-20 ൽ 44118 രൂപയും 2020-21 ൽ 190549 രൂപയും 2021-22 ൽ 222750 രൂപയും 2022-23 വർഷത്തിൽ 593775 രൂപയും സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ട്. ലോൺ തുകയിൽ നിന്ന് എസ്.സി വിഭാഗം ഗുണഭോക്താക്കൾക്കായി ലോൺ അനുവദിച്ചിട്ടില്ല. എസ് സി വിഭാഗത്തിനായി ലോൺ അനുവദിക്കാത്തതിനാൽ ലോൺ തിരിച്ചടവിന് എസ്.സി ഫണ്ടിൽ നിന്ന് തുക കുറവ് ചെയ്തത് തിരികെ ലഭിക്കുന്നതിന് സർക്കാരുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 കംഫർട്ട് സ്റ്റേഷന് വേണ്ടി കുഴൽകിണർ നിർമ്മാണം -ലക്ഷ്യം കൈവരിക്കേണ്ടതാണ്.

പ്രോജക്റ്റ് നം-26/23

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

വകയിരുത്തിയ തുക-250000/-തനത് ഫണ്ട്

ചെലവ്-37000/-,വൗച്ചർ നം.42200295/24.06.22

തൻവർഷം കംഫർട്ട് സ്റ്റേഷന് കുഴൽകിണർ നിർമാണം എന്ന പ്രോജക്ട് പ്രകാരം പഞ്ചായത്താഫീസ് പരിസരത്ത് കുഴൽ കിണർ നിർമ്മിക്കുന്നതിന് 37000/-രൂപ ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, തൃശ്ശൂരിന് കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന്റെ സർവ്വേ റിപ്പോർട്ട്, വിനിയോഗ വിവരം എന്നിവ ഹാജരാക്കിയിട്ടില്ല. പഞ്ചായത്ത് ഭരണസമിതിയുടെ 24.11.22 ലെ 1/8 തീരുമാന പ്രകാരം, മേൽ പ്രോജക്ടിനായി കുഴൽകിണർ

നിർമ്മിച്ചെങ്കിലും ഉപ്പ് വെള്ളമായതിനാൽ ആയത് ഉപയോഗിക്കുവാൻ സാധിക്കുന്നില്ലെന്നും, ആയതിനാൽ പഞ്ചായത്ത് കോമ്പൗണ്ടിൽ മറ്റൊരു സ്ഥലം കണ്ടെത്തി കുഴൽ കിണർ സ്ഥാപിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി, 2016-17 വർഷത്തിൽ മാള ബസ് സ്റ്റാന്റിൽ പ്രവർത്തിക്കുന്ന കംഫർട്ട് സ്റ്റേഷന് വേണ്ടി കുഴൽ കിണർ നിർമ്മാണം എന്ന പ്രോജക്ടിനായി (പ്രൊജക്ട് നമ്പർ 198/17) പ്രകാരം 1,00,000/- രൂപ ചെലവഴിച്ചിട്ടുള്ളതായും, കുഴൽ കിണർ നിർമ്മാണം മാത്രം പൂർത്തീകരിച്ച് മറ്റ് പ്രവൃത്തികൾ ചെയ്തിട്ടില്ലാത്തതുമാണ്. 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക നമ്പർ 3-18) ൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്. ഒരേ ആവശ്യത്തിനായി വീണ്ടും കുഴൽ കിണർ നിർമ്മാണം നടത്തുന്നതിൽ ആവർത്തനച്ചെലവുള്ളതായി കാണിച്ച് ഓഡിറ്റ് എൻക്വയറി (17/05.12.23) നൽകിയതിന് മറുപടിയായി നിലവിലുള്ള കുഴൽ കിണർ 2018 ലുണ്ടായ പ്രളയത്തെ തുടർന്ന് പുഴ വഴി മാറി ഒഴുകിയതിനാൽ ഉപയോഗിക്കാൻ സാധിക്കാതെ വന്നതു കൊണ്ടാണ് പുതിയ കുഴൽ കിണർ നിർമ്മാണ പ്രോജക്റ്റിന് തുക അനുവദിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. കുഴൽ കിണർ നിർമാണം പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 ഫസ്റ്റ് & പാർട്ട് ബിൽ നൽകിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

തൻവർഷം ഫസ്റ്റ് & പാർട്ട് ബിൽ നൽകിയതും കരാർ കാലാവധി കഴിഞ്ഞതുമായ താഴെ പറയുന്ന പ്രവൃത്തികൾ നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം., പേര് | വൗച്ചർ നം., തീ. | നൽകിയ തുക |
|---|---|---|---|
| 1 | 123/23, പഞ്ഞ്യംകുളം ഇടത്തോട് കെട്ടി സ്ലാബിടൽ സെക്കന്റ് റീച്ച് വാർഡ് -8 എഗ്രിമെന്റ് -10/18.01.23 കരാർ കാലാവധി-9മാസം കരാറുകാരൻ- ജോയ് ജോസഫ് വകയിരുത്തിയ തുക – 7,66,000 വികസനഫണ്ട്- 5,00,000 മെയിന്റനൻസ് റോഡ്-2,66,000 | 42201542/31.03.23 | 476539/- |
| 2 | 59/23, മോഡേൺകുന്ന് കോളനി റോഡ് മെയിന്റനൻസ് എഗ്രിമെന്റ് -10/18.01.23 കരാർ കാലാവധി-9മാസം കരാറുകാരൻ- കെ.ഒ.കൺസ്ട്രക്ഷൻസ് വകയിരുത്തിയ | 42201521/27.03.23 | 254200/- |

| | | | | |
|---|---|---|---|---|
| | തുക-5,00,000/ വികസനഫണ്ട്- 3,54,250 തനത് ഫണ്ട്- 1,45,750 | | | |

ക്രമ നം.2 പ്രകാരമുള്ള പ്രവൃത്തിയുടെ കരാറുകാരൻ കമ്പനിയായതിനാൽ കേരള പി ഡബ്ല്യൂ ഡി മാന്വൽ 2116.V(iii) പ്രകാരം, ഇൻകം ടാക്സിനത്തിൽ 2% ഫൈനൽ ബില്ലിൽ നിന്നും ഈടാക്കേണ്ടതാണ്. സമയപരിധി കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി-18/05.12.23).

## 1-33 കോൾകുന്ന് ആനപ്പാറ റോഡ് മെയിന്റനൻസ്- പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ കുറവ് ഈടാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ –അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നം. – 16/23 (കോൾകുന്ന് ആനപ്പാറ റോഡ് മെയിന്റനൻസ്)
അടങ്കൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് – ആകെ 500000/-
ചെലവ് -വൗച്ചർ നം.42201338/11.08.22-427173
76965 (21-22)
ആകെ ചെലവ് :504138/-
Ts-87704/21-22
കോൺട്രാക്ടർ-കെ.ഒ.കൺസ്ട്രക്ഷൻസ്
എഗ്രിമെന്റ് -19/AE/LSGD/Mala/01-21 Dt.15.07.20
എഗ്രീഡ് പി.എ.സി-505690.17

MB-61,62/21-22

